# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളികുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.6/252/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളികുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.6/252/2023 തീയ്യതി: 29/03/2023

## ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2023 | 02-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-02-2023 | 02-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
റോയ്.റ്റി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ലക്ഷ്മികാന്ത്.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിജി പ്രസാദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.പ്രദീപ്.എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.നിഖിൽ.ആർ.പിള്ള | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ലക്ഷ്മി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീലേഖ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.റിഷാദ് മേത്തർ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.നീലി നായർ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ശ്രീലേഖ.കെ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.റംലത്ത് ബീവി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സനൂജ.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മെർലിൻ മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഹരിപ്രിയ.റ്റി | വി.ഇ.ഒ (വള്ളികുന്നം) | 01-04-2021 | 31-03-2022 |
| ശ്രീ.പ്രവീൺ.എസ് | വി.ഇ.ഒ (ഇലിപ്പക്കുളം) | 01-04-2021 | 31-03-2022 |
| ശ്രീ.ശൈലേഷ് കുമാർ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക - ന്യൂനതകൾ സംബന്ധിച്ച് | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | അനധികൃത നിർമ്മാണം-നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല - തനത് വരുമാന നഷ്ടം - 1,23,975/-രൂപ | 1-10 |
| 12 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം - 14,214/- രൂപ | 1-11 |
| 13 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് – 62,500 /- രൂപയുടെ വരുമാന നഷ്ടം | 1-12 |
| 14 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 1-13 |
| 15 | നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാത്ത പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിച്ചു. | 1-14 |
| 16 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ലൈസൻസ് ഫീസിനത്തിലുള്ള 9,000/- രൂപ പഞ്ചായത്തിൽ ഒടുക്കി | 1-15 |
| 17 | അനുപൂരക പോഷകാഹാര പദ്ധതി 2021-22 – സർക്കാർ ഉത്തരവിന് വിരുദ്ധമായി ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്. | 1-16 |
| 18 | മാലിന്യ നീക്കത്തിനായി ബാറ്ററിയിൽ പ്രവർത്തിക്കുന്ന വണ്ടി | 1-17 |
| 19 | ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റി വർഷങ്ങൾക്ക് ശേഷവും ഭവന നിർമ്മാണം ആരംഭിച്ചില്ല. | 1-18 |
| 20 | വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് തുക കൈപ്പറ്റി നാളിതുവരെ വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കിയില്ല. | 1-19 |
| 21 | പച്ചക്കറി കൃഷി വികസനം (പ്രോ.നം 59/22) – ജില്ലാതല യൂണീറ്റ് കോസ്റ്റിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങൽ നടത്തി. | 1-20 |

| | | |
|---|---|---|
| 22 | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നിന്റെ കാലാവധി കഴിഞ്ഞിട്ടും വിതരണം പൂർത്തിയാക്കിയില്ല. | 1-21 |
| 23 | വെറ്റിലകൃഷി (പ്രോനം. -59/22) – കൂലിച്ചെലവ് സബ്സിഡി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടില്ല. | 1-22 |
| 24 | വനിതകൾക്ക് പോത്തുകുട്ടി വിതരണം (പ്രോ.നം 157/22) – ചെലവ് രേഖകൾ ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു. | 1-23 |
| 25 | പി.എച്ച്.സിയ്ക്ക് മരുന്ന് ലഭ്യമാക്കിയില്ല-2,54,765/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 26 | ആശ്രയ അഗതി രഹിത കേരളം- തുക ചെലവഴിച്ചില്ല | 1-25 |
| 27 | പഠനമുറി നിർമാണം പൂർത്തീകരിച്ചില്ല- തുക തടസ്സപ്പെടുത്തുന്നു. | 1-26 |
| 28 | ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ രേഖകൾ ലഭ്യമല്ല. | 1-27 |
| 29 | സ്ട്രീറ്റ് ലൈൻ എകസ്റ്റൻഷൻ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | 1-28 |
| 30 | ആർദ്രം മിഷൻ എൻ.എച്ച്.എംന് തുക കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-29 |
| 31 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് കൺസോർഷ്യത്തിന് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-30 |
| 32 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ - അർഹത നിർണ്ണയിക്കാതെ ഉപകരണങ്ങൾ വിതരണം ചെയ്തു. | 1-31 |
| 33 | യഥാസമയം വാട്ടർ ചാർജ് ഒടുക്കാതിരുന്നതിനുള്ള ഫൈൻ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയത് സംബന്ധിച്ച് | 1-32 |
| 34 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല-നഷ്ടം 30,666/- രൂപാ | 1-33 |
| 35 | മതിയായ അളവിൽ ബാരൽ വില കുറവ് ചെയ്തില്ല- നഷ്ടം സംബന്ധിച്ച്. | 1-34 |
| 36 | ശരിയായ നിരക്കിൽ ഫൈൻ ഈടാക്കിയില്ല- നഷ്ടം 35544/-രൂപ | 1-35 |
| 37 | ഘടകസ്ഥാപനങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ -അധിക തുക അനുവദിച്ചു. | 1-36 |
| 38 | MGNREGS - മെറ്റീരിയൽ ഉപയോഗിച്ചുള്ള കരാർ പ്രവർത്തികളിൽ നികുതികൾ കുറവ് ചെയ്തില്ല | 1-37 |
| ഭാഗം **2** | | |
| 1 | അനധികൃത നിർമ്മാണം-നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല - തനത് വരുമാന നഷ്ടം - 1,23,975/-രൂപ | 2-1 |
| 2 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം - 14,214/- രൂപ | 2-2 |
| 3 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് – 62,500 /- രൂപയുടെ വരുമാന നഷ്ടം | 2-3 |
| ഭാഗം **3** | | |

| | | |
|---|---|---|
| 1 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല-നഷ്ടം 30,666/- രൂപാ | 3-1 |
| 2 | ഘടകസ്ഥാപനങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ - അധിക തുക അനുവദിച്ചു. | 3-2 |
| 3 | മതിയായ അളവിൽ ബാരൽ വില കുറവ് ചെയ്തില്ല- നഷ്ടം 13373/-രൂപ | 3-3 |
| 4 | പച്ചക്കറി കൃഷി വികസനം (പ്രോ.നം 59/22) – ജില്ലാതല യൂണിറ്റ് കോസ്റ്റിനേക്കാൽ കൂടിയ നിരക്കിൽ വാങ്ങൽ നടത്തി. | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 26.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 09.03.2022തീയതിയിലെ 2(3)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 324530230 | 321099717 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 234431931 | 268869950 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 08.07.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക - ന്യൂനതകൾ സംബന്ധിച്ച്

1.ADCB -Own Fund_2 എന്ന അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് കളക്ടഡ് എന്നതിനു കീഴെ നല്കിയിരിക്കുന്ന താഴെപ്പറയുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞതാണെന്ന് കാണുന്നു.

| ക്രമ നം | ചെക്ക് നം. തീയതി | തുക |
|---|---|---|
| 1 | 1394844/ 08.09.2020 | 11250 |
| 2 | 5965772/08.03.2021 | 17500 |
| 3 | 8920980/29.09.2021 | 5000 |
| 4 | 5965773/30.09.2021 | 17500 |
| 5 | 5703330/27.08.2021 | 5000 |
| 6 | 0420669/13.09.2021 | 32500 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2.ജി.ഒ(പി) നം.2617/2022 ഫിൻ തീ.31.03.2022 പഞ്ചായത്തിന് താഴെപ്പറയും പ്രകാരം ഫണ്ടുകൾ അലോട്ട് ചെയ്തിട്ടുണ്ട്.

| ഇനം | തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 227422 |
| വികസന ഫണ്ട് (എസ്.സി.പി) | 893165 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1430300 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 118055 |

എന്നാൽ മേൽ തുകകൾ പഞ്ചായത്തിലേയ്ക്ക് വരവ് വയ്ക്കപ്പെട്ടിട്ടില്ല.

3.വികസനഫണ്ട് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിൽ എ.സി.ആർ പ്രകാരം തൻവർഷത്തെ ആകെ ചെലവ് 12102375/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള തൻവർഷത്തെ ആകെ ചെലവിനായുള്ള വരവ് 10786548/-രൂപ മാത്രമാണ് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 + ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ). 1315827/-രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

4.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

5.31.03.2021-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം Advance To Implimenting Agencies - Deposit With Kerala Electricity Board എന്നയിനത്തിൽ 4755616/-രൂപ ക്രമീകരിക്കാതവശേഷിച്ചിരുന്നു. തൻവർഷം 4 പദ്ധതികളിലായി 2278953/-രൂപ ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവർത്തികൾ പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുമില്ല. എന്നാൽ തൻവർഷ ബാലൻസ് ഷീറ്റിലും ഈയിനത്തിൽ ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്ന തുക 4755616/- രൂപ മാത്രമാണ്. തൻവർഷം നിക്ഷേപിച്ച തുക ഉൾപ്പെട്ടു വന്നിട്ടില്ല.

6.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4-ൽ ബാധ്യതയായി കാണിച്ചിട്ടുള്ള താഴെപ്പറയുന്ന തുകയ്ക്ക് തത്തുല്യമായ തുക ട്രഷറി അക്കൌണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണുന്നില്ല.

| ക്രമ നം | ഇനം | തുക (രൂപ) |
|---|---|---|
| 1 | Development Fund KLGSDP Grant- Capital | 1519785/- |
| 2 | Maintenance Fund -Non Road Assets | 441000/- |

7.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം വികസനഫണ്ട് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡിനത്തിൽ 2922867/-രൂയും, അൺടൈഡിനത്തിൽ 616745/-രൂപയും ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് സൂക്ഷിക്കുന്ന ബാങ്ക് അക്കൌണ്ടിൽ

(Federal Bank - 15th Fin Commission Grant) ഇതിനു തത്തുല്യമായ തുക നീക്കിയിരിപ്പുള്ളതായി കാണുന്നില്ല. ഈ അക്കൌണ്ടിൽ ആകെ 1578789/-രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്.
വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7 തീ.28.02.2023) ലഭ്യമാക്കിയ മറുപടി പരിഗണിച്ച് ഒഴിവാക്കാവുന്ന ന്യൂനതകൾ ഒഴിവാക്കിയിട്ടുണ്ട്. മറ്റ് ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18924258 |
| വരവ് | 107223044 |
| ആകെ | 126147302 |
| ചെലവ് | 109235426 |
| നീക്കിയിരിപ്പ് | 16911876 |
| വരവിനങ്ങളിലുള്ള നഷ്ടം | 200689 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 165673 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5199615 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് എ.സി.ആർ പ്രകാരം | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം | 0 | 18122422 | 18122422 | 3378056 | 14593404 | 150962 (ലാപ്സായി) |
| വികസന ഫണ്ട്- എസ്.സി.പി | 0 | 10589165 | 10589165 | 326610 | 9549929 | 712626 (ലാപ്സായി) |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 0 | 0 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 7593915 | 7593915 | | 4986880 | 2607035* (നീക്കിയിരിപ്പ്) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ബാങ്ക് | 0 | 3332000 | 3332000 | | 2782190 | 549810+ 66935 പലിശ (നീക്കിയിരിപ്പ്) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ട്രഷറി | 0 | 4721572 | 4721572 | | 4333305 | 388267 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 17822000 | 17822000 | | 14883113 | 2938887 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 7254981 | 7254981 | | 6573558 | 681423 (ലാപ്സായി) |

*നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് വാർഷിക കണക്കിൽ ന്യൂനതയായി സൂചിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1.വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ കണക്ക് പ്രകാരം |
|---|---|---|
| വരവ് | 14516944 | 18122422 |

| | | |
|---|---|---|
| ചെലവ് | 17895000 | 17971460 |
| നീക്കിയിരിപ്പ് | (-)3378056 | 150962 |

2.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 9369390 | 10589165 |
| ചെലവ് | 9676539 | 9876539 |
| നീക്കിയിരിപ്പ് | (-)307149 | 712626 |

3.മെയിന്റനൻസ് ഫണ്ട് (റോഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 7136926 | 7254981 |
| ചെലവ് | 6573558 | 6573558 |
| നീക്കിയിരിപ്പ് | 563368 | 681423 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.
(സുലേഖ പദ്ധതി ചെലവ് പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 150 | 171915978 | 95 | 85259014 | 15 | 40 | 63.33% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 79729 | 1057006 | 1136735 | 1133230 | 3505 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 82630000 | 82630000 | 82630000 | |
| ആകെ | 79729 | 83687006 | 83766735 | 83763230 | 3505 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 160920 | 84 |
| കർഷക തൊഴിലാളി പെൻഷൻ | 5376800 | 376 |
| വിധവ പെൻഷൻ | 20539700 | 1403 |
| വാർദ്ധക്യകാല പെൻഷൻ | 46711500 | 3565 |
| വികലാംഗ പെൻഷൻ | 5949100 | 394 |
| അവിവാഹിത പെൻഷൻ | 914500 | 61 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.02.2023 തീയതിയിൽ 03:29 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,193/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി

കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

## 1-10 അനധികൃത നിർമ്മാണം-നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല - തനത് വരുമാന നഷ്ടം - 1,23,975/-രൂപ

പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള നിർമ്മാണമോ പുനർ നിർമ്മാണമോ കേരള പഞ്ചായത്ത് രാജ് നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് നിർമ്മിതികളെ ക്രമവൽക്കരിക്കാവുന്നതാണ്. മേൽ വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവത്ക്കരിക്കാൻ അധികാരമില്ലാത്ത അനധികൃത കെട്ടിടങ്ങളെ വകുപ്പ് 235 AA അനുസരിച്ച് നികുതി ചുമത്തുന്നതിന് പഞ്ചായത്തുകൾക്ക് അധികാരമുണ്ട്.

പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ ഷാലിമാർ ഓഡിറ്റോറിയം എന്ന പേരിൽ അസസ്സ് ചെയ്തിരുന്ന (കെട്ടിട നമ്പർ:1/427) കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ശ്രീ. അബ്ദുൾ റഷീദ്, വിളയിൽ എന്ന പേരിലേക്ക് മാറ്റിയതിന് ശേഷം "ഹിബാസ് കൺവെൻഷൻ സെന്റർ" എന്ന പേരിൽ ഒരു പുതിയ ആഡിറ്റോറിയം പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ പുനർനിർമ്മിക്കുകയാണ് ചെയ്തതെന്ന് പ്രസ്തുത കെട്ടിടത്തിന്റെ വിവര ശേഖരണം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ – 06 /27.02.2023 ) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1 (III) ൽ പഞ്ചായത്തിന്റെ അനുമതി കൂടാതെ നടത്തുന്ന ടി കെട്ടിടത്തിന്റെ പുനർനിർമ്മാണം 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും ആയതിനാൽ തുടർ നടപടി സ്വീകരിക്കണമെന്നും പരാമർശം ഉണ്ട്. പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയും,കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായും പുനർനിർമ്മാണം നടത്തിയ ടി കെട്ടിടത്തിന് ഏകദേശം 950 ച:മീ തറവിസ്തീർണ്ണം ഉണ്ടെന്നും, കേന്ദ്രീകൃത ശീതീകരണ സംവിധാനത്തോടു കൂടിയതുമായ ടി കെട്ടിടം കൂടിയതരം തറ നിർമ്മിതിയോടു കൂടിയതാണെന്നും പഞ്ചായത്തിൽ ലഭിച്ച ചില പരാതികളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം സ്ഥല പരിശോധന നടത്തി 24.01.2017 തീയതിയിൽ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടി കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ഉടമസ്ഥന് പലപ്പോഴായി പഞ്ചായത്ത് നോട്ടീസ് നൽകിയെങ്കിലും കെട്ടിടം ക്രമവൽക്കുന്നതിനായി നാളിതുവരെ ഉടമസ്ഥൻ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നൽകുവാൻ ഉടമസ്ഥൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

അനധികൃത നിർമ്മാണത്തിന് ആ നിലയിൽ യു.എ നമ്പർ നൽകി നികുതി ഈടാക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. ആയതിന് ഓഡിറ്റ് അന്വേഷണം (നമ്പർ – 06 /27.02.2023) നൽകിയതിന് ടി കെട്ടിട നിർമ്മാണം അസ്സസ്സ് ചെയ്തിട്ടില്ലാത്തതാണ് എന്നും അനധികൃത നിർമ്മാണ വിഭാഗത്തിൽ(യു.എ) ഉൾപ്പെടുത്തി ആയതിനുള്ള നടപടി സ്വീകരിച്ചറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

മേൽപ്പറഞ്ഞ കെട്ടിടത്തിന് ബാധകമായ വസ്തുനികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

അനധികൃത കെട്ടിടത്തിന്റെ വിസ്തീർണ്ണം - 950 ച.മീ

വസ്തുനികുതി നിരക്ക് - 30രൂപ / ച.മി

ബാധകമായ വസ്തുനികുതി - (30x950 + 20%അധികം, റോഡിന്റെ അടിസ്ഥാനത്തിൽ + 15% അധികം, മേൽ തരം തറ നിർമ്മിതി +10% അധികം, സെൻട്രലൈസ്ഡ് എയർകണ്ടീഷൻ ) - 41,325/-രൂപ

അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തുനികുതി – (41325×3) = 1,23,975/-രൂപ

പഞ്ചായത്ത് ഫണ്ടിന് ആകെ നഷ്ടം - 1,23,975/- രൂപ

ലൈബ്രറി സെസ് ഇനത്തിലെ നഷ്ടം (5%) - 6,199/- രൂപ

ആകെ നഷ്ടം-123975+6199= 1,30,174/-രൂപ

ടി കെട്ടിടത്തിന് യു.എ നമ്പർ നല്കി അസസ്സ് ചെയ്തു നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:06 /തീയതി:27-02-2023 ) മറുപടി ലഭ്യമാകിയിട്ടുണ്ട്. അനധികൃതമായി നിർമ്മാണം നടത്തപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. 2021-22 കാലയളവിൽ മാത്രം വസ്തുനികുതി ഈടാക്കാത്തത് മൂലം പഞ്ചായത്ത്

ഫണ്ടിന് 1,23,975/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി.കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ വർഷം മുതൽ വസ്തുനികുതി പുനർനിർണ്ണയിക്കുകയും ആ കാലം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.പ്രസ്തുത കെട്ടിടം ക്രമീകരിക്കുന്നത് അഥവ അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നത് വരെ പ്രസ്തുത നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ഭരണവകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം - 14,214/- രൂപ

വാണിജ്യാവശ്യത്തിനു വേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന നിരക്കിൽ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ചും വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല പഞ്ചായത്തിൽ നികുതി നിശ്ചയിച്ചുവരുന്നത്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.

ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 1 ൽ രവികുമാർ, കല്യാണിശേരിൽ, ഇലിപ്പക്കുളം പി.ഓ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 659.24 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 1/250A മുതൽ 1/250R വരെ) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 70/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 250-A മുതൽ R വരെയുള്ള 18 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി(കടമുറികളായി) കണക്കാക്കി 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ച:മീറ്ററിന് 50/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനാൽ പഞ്ചായത്ത് വസ്തുനികുതി ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായി.

| കണക്കാക്കേണ്ട നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:70രൂ /ച.മീ.) | | കണക്കാകിയ നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:50രൂ /ച.മീ.) |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി 196.74x70 = 13771.8<br>വർദ്ധനവ് (വഴി സൗകര്യം 20%)= 2754.36<br>ആകെ = 16,526/- | 250/A: 4686+235 = 4921<br>250/B: 4686+235 = 4921<br>250/C: 2433+122= 2555<br>ആകെ = 12,397/- |
| ഒന്നാം നില | അടിസ്ഥാന നികുതി 231.25x70 = 16187.5<br>വർദ്ധനവ് (വഴി സൗകര്യം 20%)= 3237.5<br>ബഹുനില വാണിജ്യാവശ്യ ഇളവ്(5%) = 971.25<br>ആകെ = 18454/- | 250/D: 861+44= 905<br>250/E: 3723+187= 3910<br>250/F: 1735+87 = 1822<br>250/G: 1215+61 =1276<br>250/H: 1220+61 = 1281<br>250/I: 1215+61 = 1276<br>250/J: 1229+62 = 1291<br>ആകെ = 11,761/- |
| രണ്ടാം നില | അടിസ്ഥാന നികുതി 231.25x70 = 16187.5<br>വർദ്ധനവ് (വഴി സൗകര്യം 20%)= 3237.5<br>ബഹുനില വാണിജ്യാവശ്യ ഇളവ്(10%)= 1942.5<br>ആകെ = 16512/- | 250/K: 1718+86 = 1804<br>250/L:3413+171 = 3584<br>250/M:1431+72 = 1503<br>250/N:1321+67 = 1388<br>250/O:1151+58 = 1209<br>250/P:1194+60 = 1254<br>250/Q:1161+59 = 1220<br>250/R:1102+56 = 1158<br>ആകെ = 13,120/- |
| ആകെ | 51,492/- | 37,278/- |

| | |
|---|---|
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | 14,214/- |

മേൽ സൂചിപ്പിച്ച 18 കെട്ടിടങ്ങളും ഒരേ പെർമിറ്റ്(A3-1025/2018 തീ.27/04/2018 )പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് 14,214/-രൂപ വസ്തുനികുതി കുറയുന്നതിനിടയായി. ഒന്നാം വാർഡിലെ 250-A മുതൽ 250-R വരെയുള്ള 18 കെട്ടിടങ്ങളുടെ നികുതി ച:മീറ്ററിന് 70/- രൂപ നിരക്കിൽ പുനർനിർണ്ണയിച്ച് നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് വസ്തുനികുതി ഇത്തരത്തിൽ തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് ഉണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:04/27-02-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.കെട്ടിടങ്ങളുടെ വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് – 62,500 /- രൂപയുടെ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കേണ്ട സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1 | വള്ളികുന്നം ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2 | മീനത്ത് ക്ഷീരോത്പാദക സഹ:സംഘം | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 3 | കാരാഴ്മ ക്ഷീരോത്പാദക സഹ:സംഘം | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 4 | തെക്കേമുറി ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 5 | വള്ളികുന്നം പഞ്ചായത്ത് വെൽഫെയർ സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 6 | വള്ളികുന്നം കടുവിനാൽ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 7 | മാവേലിക്കര താലൂക്ക് കോപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ്, വള്ളികുന്നം | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ്, കാഞ്ഞിരത്തുംമൂട് | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 10 | കണ്ണാട്ട് അരുൺ ഫിനാൻസ് | ഒന്നാം അർദ്ധവർഷം | 1250X1=1250 |
| 11 | ന്യൂ ഇന്ത്യ ഇൻഷ്വറൻസ് , പോർട്ടൽ ഓഫീസ്,മണക്കാട് ജം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 12 | ഫ്രണ്ട്സ് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 13 | എൽ & റ്റി ഫിനാൻഷ്യൽ സർവീസസ്, ചൂനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 14 | കണ്ണാട്ട് ഫിനാൻസ്, ചൂനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 15 | ASB ഫിനാൻസ്, ചൂനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 16 | ASB ഫിനാൻസ്, കാഞ്ഞിരത്തുംമൂട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 17 | ASB നിധി ലിമിറ്റഡ്, ചൂനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |

| | | | |
|---|---|---|---|
| 18 | ഗുരുദീപം ഫിനാൻസിയേഴ്സ്, എടശ്ശേരി ജം. | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 19 | ചിരതലയ്ക്കൽ ഫിനാൻസിയേഴ്സ്, പുത്തൻചന്ത | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 20 | വരിക്കോലിമാവുള്ളതിൽ ഫിനാൻസ് , പുത്തൻചന്ത | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 21 | ശ്രീലക്ഷ്മി ഫിനാൻസിയേഴ്സ് , പള്ളിമുക്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 22 | ആതിര ഫിനാൻസ്, കാഞ്ഞിരത്തുംമൂട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 23 | ദൈവീകം ഫിനാൻസ്, പള്ളിക്കത്തറ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 24 | ചേരിതെക്കേതിൽ നിധി ലിമിറ്റഡ്, കാമ്പിശ്ശേരി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 25 | ന്യൂ ഇന്ത്യ ഇൻഷ്വറൻസ് , പോർട്ടൽ ഓഫീസ്, കാമ്പിശ്ശേരി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 26 | അർച്ചന ഫിനാൻസ്,കാമ്പിശ്ശേരി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 27 | കാർത്തിക ഫിനാൻസ്, കാരാഴ്മ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 28 | ജി.എസ്.ഫിനാൻസ്, കാരാഴ്മ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| | ആകെ | | 62,500/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയതായും, സ്ഥാപന തൊഴിൽ നികുതി മേൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:2,തീയതി:27/02/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 തൊഴിൽ നികുതി ഡിമാൻഡ് ചെയ്യ്തിടാക്കിയില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനാണ്. പഞ്ചായത്തിന്റെ 2021-22 ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപന ഉടമകൾ, സ്ഥാപനങ്ങളിലെ ജീവനക്കാർ ഇവരിൽ നിന്നും, തൊഴിൽ നികുതി ഡിമാൻഡ് ചെയ്യ്തിടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം / ജീവനക്കാർ | അർദ്ധവർഷം |
|---|---|---|
| 1 | വള്ളികുന്നം ക്ഷീരോത്പാദക സഹ:സംഘം . (സെക്രട്ടറി, ജീവനക്കാർ) | ഒന്നാം അർദ്ധവർഷം |
| 2 | വള്ളികുന്നം പഞ്ചായത്ത് വെൽഫെയർ സഹ:സംഘം. (സെക്രട്ടറി, ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 3 | തെക്കേമുറി ക്ഷീരോത്പാദക സഹ:സംഘം. (സെക്രട്ടറി, ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 4 | വള്ളികുന്നം കടുവിനാൽ സർവീസ് കോപ്പറേറ്റീവ് ബാങ്ക്. (ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 5 | കണ്ണാട്ട് അരുൺ ഫിനാൻസ് (ഉടമ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 6 | CNS കൺസ്ട്രക്ഷൻ. (ഉടമ,ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 7 | മാവേലി സ്റ്റോർ, കാമ്പിശ്ശേരി (ജീവനക്കാർ) | രണ്ടാം അർദ്ധവർഷം |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ്, വള്ളികുന്നം. (ജീവനക്കാർ) | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 9 | മുത്തൂറ്റ് ഫിൻകോർപ്പ്, കാഞ്ഞിരത്തുംമൂട്.(ജീവനക്കാർ) | രണ്ടാം അർദ്ധവർഷം |
| 10 | ഫ്രണ്ട്സ് ഫിനാൻസ്. ( ഉടമ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 11 | ലേ മാർട്ട് സൂപ്പർ മാർക്കറ്റ്. (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 12 | വിജയ് മോട്ടോർസ്. (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 13 | എൽ & റ്റി ഫിനാൻഷ്യൽ സർവീസസ്, ചൂനാട് (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 14 | കണ്ണാട്ട് ഫിനാൻസ്, ചൂനാട് (ഉടമ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 15 | ASB ഫിനാൻസ്, ചൂനാട് (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 16 | ASB ഫിനാൻസ്, കാഞ്ഞിരത്തുംമൂട് (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 17 | ASB നിധി ലിമിറ്റഡ്, ചൂനാട് (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 18 | ഗുരുദീപം ഫിനാൻസിയേർസ്, എടശ്ശേരി ജം. (ഉടമ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 19 | ചിരതലയ്ക്കൽ ഫിനാൻസിയേർസ്, പുത്തൻചന്ത (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 20 | വരിക്കോലിമാവുള്ളതിൽ ഫിനാൻസ് , പുത്തൻചന്ത (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 21 | ശ്രീലക്ഷ്മി ഫിനാൻസിയേർസ് , പള്ളിമുക്ക്.(ഉടമ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 22 | ആതിര ഫിനാൻസ്, കാഞ്ഞിരത്തുംമൂട്.(ഉടമ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 23 | ദൈവീകം ഫിനാൻസ്, പള്ളിക്കത്തറ.(ഉടമ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 24 | ചേരിതെക്കേതിൽ നിധി ലിമിറ്റഡ്, കാമ്പിശ്ശേരി. (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 25 | ന്യൂ ഇന്ത്യ ഇൻഷുറൻസ് , പോർട്ടൽ ഓഫീസ്, കാമ്പിശ്ശേരി (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 26 | അർച്ചന ഫിനാൻസ്,കാമ്പിശ്ശേരി. (ഉടമ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 27 | കാർത്തിക ഫിനാൻസ്, കാരാഴ്മ (ഉടമ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 28 | ജി.എസ്.ഫിനാൻസ്, കാരാഴ്മ (ഉടമ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 29 | വി.എം മാർട്ട് (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 30 | വി.എം ടെക്നോളജീസ് (ഉടമ,ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |
| 31 | ശ്രീലക്ഷ്മി റസിഡൻസി. (ജീവനക്കാർ) | ഒന്നാം രണ്ടും അർദ്ധവർഷങ്ങളിൽ |

മേൽ സൂചിപ്പിച്ച സ്ഥാപന ഉടമകളുടെയും / സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും 2021-22 ലെ തൊഴിൽ നികുതി കുടിശ്ശിക അടവാക്കുന്നതിന് പഞ്ചായത്ത് നോട്ടീസ് നൽകിയതായും തുക അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/തീയതി:27-02-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും 2021-22 വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാത്ത പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിച്ചു.

2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് പെട്രോൾ പമ്പുകൾ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട നിരക്ഷേപ പത്രങ്ങൾ താഴെ സൂചിപ്പിക്കും പ്രകാരം ഹാജരാക്കിയില്ല.

| ക്രമ നം. | അപേക്ഷകൻ/സ്ഥാപനം | സമർപ്പിക്കാത്ത നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ |
|---|---|---|
| 1 | കെ.പി ചന്ദ്രശേഖരൻ പിള്ള-<br>ശേഖർ ഫ്യൂവൽസ് | 1.ഫയർ & റെസ്ക്യൂ ലൈസൻസ്<br>2.എക്സ്പ്ലോസീവ് ലൈസൻസ് |
| 2 | ജയപ്രകാശ് കെ.പി,<br>ലീല ഫ്യൂവൽസ് | 1, പി.സി.ബി സർട്ടിഫിക്കറ്റ്<br>2.ഫയർ & റെസ്ക്യൂ ലൈസൻസ്<br>3.എക്സ്പ്ലോസീവ് ലൈസൻസ് |

കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പി.സി.ബി./എ.എൽ.പി./റ്റി.ജി.-500/21/ 01.02.21 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്ത് അധികാരപരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ ബോർഡിന്റെ സാധുതയുള്ള അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും ഇല്ലാത്തവയ്ക്ക് ലൈസൻസ് പുതുക്കി നല്കുവാൻ പാടുള്ളതല്ല എന്നും, ഇല്ലാത്തവയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണെന്നും എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും അറിയിച്ചിട്ടുണ്ട്.

പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതിന് ഇന്ത്യാ ഗവണ്മെന്റിന്റെ കീഴിലുള്ള പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ നല്കുന്ന എക്സ്പ്ലോസീവ് ലൈസൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നല്കുന്ന പൊല്യൂഷൻ സർട്ടിഫിക്കറ്റ്, സംസ്ഥാന ഫയർ & റെസ്ക്യൂ ലൈസൻസ് എന്നിവ ആവശ്യമാണ്. ഇത്തരത്തിൽ രേഖകളില്ലാതെ പ്രവർത്തിക്കുന്ന പമ്പുകളിൽ അപകടമുണ്ടായാൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകില്ല എന്നും ഇത്തരം ലൈസൻസുകൾ നേടാതെ പമ്പുകൾ പ്രവർത്തിക്കുന്നതുമൂലം സർക്കാരിന്/തദ്ദേശ സ്ഥാപനങ്ങൾക്ക് ഭീമമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്നും സൂചിപ്പിക്കുന്ന 06.09.2020 ലെ ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പിന്റെ എസ്.എസ്.4/155/2020-ഹോം നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നിയമാനുസൃതം ഹാജരാക്കേണ്ട എല്ലാ നിരാക്ഷേപ പത്രങ്ങളും ഹാജരാക്കാൻ ടി സ്ഥാപങ്ങൾക്ക് നിർദ്ദേശം നൽകിയതായും, തുടർന്നുള്ള വർഷങ്ങളിൽ എല്ലാ നിരാക്ഷേപ പത്രങ്ങളും അപേക്ഷയോടപ്പം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ എന്നും, നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:01/27-02-23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പെട്രോൾ പമ്പുകൾ മേൽ സൂചിപ്പിച്ച ലൈസൻസുകൾ ഹാജരാക്കി എന്ന ഉറപ്പാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ഓഡിറ്റ് ഇംപാക്റ്റ് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ലൈസൻസ് ഫീസിനത്തിലുള്ള 9,000/- രൂപ പഞ്ചായത്തിൽ ഒടുക്കി

2018 ലെ കേരളാ നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, ചട്ടം 7 പട്ടിക II പ്രകാരം വ്യാപാര/ വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ നിരാക്ഷേപ പത്രമായ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്റ്റ്-232ാം വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ 7ാം ചട്ടം പട്ടിക-II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം:1/തീയതി: 27-02-23) നൽകിയതിനെ തുടർന്ന് താഴെ സൂചിപ്പിക്കുന്ന രസീത് നമ്പർ പ്രകാരം 9,000/-രൂപാ പഞ്ചായത്തിൽ ഒടുക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം / | PCB രജിസ്ട്രേഷൻ നമ്പർ / മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | രസീത് നം / തീയതി | ഒടുക്കിയ തുക |
|---|---|---|---|---|---|---|
| 1 | ശ്രീ ലക്ഷ്മി റസിഡൻസി | PCB/ALP /ICO-5276/18 -- 458 ലക്ഷം | 1000 | 10,000 | 1220106122/ 28-02-2023 | 9,000 |

(4.58 കോടി)

## 1-16 അനുപൂരക പോഷകാഹാര പദ്ധതി 2021-22 – സർക്കാർ ഉത്തരവിന് വിരുദ്ധമായി ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിൽ അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റുകളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി / സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭക്ഷ്യ വസ്തുക്കൾ വാങ്ങുവാൻ പാടുള്ളുവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.05.2011ലെ 58814/D.C2/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ സാമൂഹ്യ നീതി വകുപ്പിന്റെ 20.06.2019 സാ.നീ.വ-ബി1/493/2019 നമ്പർ സർക്കുലറിൽ സപ്ലൈകോയിലെ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടത്തിയാൽ അധിക നിരക്കിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

2021-22 വർഷം അങ്കണവാടികളിലേയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ വള്ളികുന്നം-കട്ടവിനാൽ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള നീതി സ്റ്റോറിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിൽ അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ലഭ്യമല്ലായെന്നും മാവേലി സ്റ്റോർ, ലാഭം മാർക്കറ്റുകളിലെ വില നീതി സ്റ്റോറിലെ വിലയേക്കാൾ കൂടുതലാണ് എന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ ഭരണ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യുകയോ ആയതിന് പഞ്ചായത്ത് ഭരണ സമിതി അനുമതി നൽകിയതായോ കാണുന്നില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളിൽ ഭക്ഷ്യധാന്യം ലഭ്യമായിരിക്കെ വ്യക്തമായ കാരണങ്ങളില്ലാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഭക്ഷ്യധാന്യം വാങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥയുടെ നടപടി അംഗീകരിക്കാവുന്നതല്ല. മേൽ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/28.2.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-17 മാലിന്യ നീക്കത്തിനായി ബാറ്ററിയിൽ പ്രവർത്തിക്കുന്ന വണ്ടി

പ്രോജക്ടിന്റെ പേര് : മാലിന്യ നീക്കത്തിനായി ബാറ്ററിയിൽ പ്രവർത്തിക്കുന്ന വണ്ടി

പ്രോജക്ട് നം. : 106/2022

അടങ്കൽ : കേന്ദ്രാവിഷ്കൃത ഫണ്ട് - 450000/-

ചെലവ് : 436003/- രൂപ (ചെക്ക് നം.248473 തീയതി.15.03.2022 )

നിർവഹണം: സെക്രട്ടറി

ഹരിത കർമ്മസേനയ്ക്ക് മാലിന്യശേഖരണത്തിന് ഇലക്ട്രിക് വാഹനം വാങ്ങി നല്കുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. ആലപ്പുഴയിലെ മെരിഡിയൻ മോട്ടോഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും മഹീന്ദ്രയുടെ ട്രയോ സോർ ഡി.വി എന്ന ഇലക്ട്രിക് ഓട്ടോ വാങ്ങിയതിന്റെ വിലയായി 436003/-രൂപ പ്രസ്തുത സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ വാഹനം ഹരിത കർമ്മസേന നിലവിൽ ഉപയോഗിച്ചു വരുന്നു. സെക്രട്ടറിയുടെ പേരിൽ വാങ്ങിയ വാഹനം കൈമാറുന്നതിന് മുൻപായി വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ഉൾപ്പെടെയുള്ള കാര്യങ്ങൾ നിശ്ചയിച്ച് ഹരിതകർമ്മസേനയുമായി കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. ഇപ്രകാരം കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12 തീ.28.02.2023) മറുപടി ലഭ്യമാക്കിയില്ല. കരാറിലേർപ്പെട്ടതിന്റെ രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-18 ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റി വർഷങ്ങൾക്ക് ശേഷവും ഭവന നിർമ്മാണം ആരംഭിച്ചില്ല.

ലൈഫ് ഭവന പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, ഒന്നാം ഗഡുവായ 40,000 രൂപ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും താഴെപറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

| ക്രമ നം | പേര്, മേൽവിലാസം | നാളിതുവരെ കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 01 | ഗീത, വിഷ്ണുഭവനം, വാർഡ് 17 | 40,000/- | 22/1/2019 |
| 02 | സരോജിനി, സജി ഭവനം, വാർഡ് 12 | 40,000/- | 29/9/2018 |
| 03 | ജമാലുദ്ദീൻ, അജ്മൽ ഹൗസ്, വാർഡ് 14 | 40,000/- | 09/08/21 |
| 04 | സുഹ്റാ ബീവി, കാടാശ്ശേരിൽ, വാർഡ് 14 | 40,000/- | 18/11/21 |

മേൽ പരാമർശിച്ച വ്യക്തികൾ ഭവന നിർമ്മാണം/ വീട് വാസയോഗ്യമാക്കൽ പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ് . ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം

28/28.2.2023) മറുപടി ലഭ്യമാക്കിയില്ല.

### 1-19 വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് തുക കൈപ്പറ്റി നാളിതുവരെ വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കിയില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ട് പ്രകാരം അഡ്വാൻസ് തുകയായ 50,000/- രൂപ കൈപ്പറ്റിയ താഴെപറയുന്ന ഗുണഭോക്താക്കൾ വീടിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

| ക്രമ നം | പേര്, മേൽവിലാസം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 01 | രാമകൃഷ്ണൻ, സുമകം ഹൗസ്, വാർഡ് 10 | 50,000/- | 30/12/2021 |
| 02 | ശ്യാമള, നന്ദുഭവനം, വാർഡ് 18 | 50,000/- | 31/1/2022 |
| 03 | കുഞ്ഞിക്കുട്ടി, തോണ്ടോലിൽ, വാർഡ് 5 | 50,000/- | 18/1/2022 |

മേൽ പരാമർശിച്ച വ്യക്തികൾ വീടിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കുവാൻ തയ്യാറാകാത്തപക്ഷം മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 28/28.2.2023) മറുപടി ലഭ്യമാക്കിയില്ല.

### 1-20 പച്ചക്കറി കൃഷി വികസനം (പ്രോ.നം 59/22) – ജില്ലാതല യൂണിറ്റ് കോസ്റ്റിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങൽ നടത്തി.

കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ ഭാഗമായി കൃഷി ഭവന്റെ മേൽനോട്ടത്തിലുള്ള കർണ്ണികാരം ഓർഗാനിക് ഇക്കോ ഷോപ്പിൽ നിന്നും വിവിധ ഇൻവോയ്സുകൾ പ്രകാരം 34740kg ഡോളോമൈറ്റും 3474kg സ്യൂഡോമോണാസും 3474kg ബിവേറിയയും വാങ്ങിയിട്ടുണ്ട്. ഡോളോമൈറ്റ് കിലോഗ്രാമിന് 10 രൂപ നിരക്കിലും സ്യൂഡോമോണാസ്, ബിവേറിയ എന്നിവയുടെ അര കിലോഗ്രാം പായ്ക്കറ്റിന് 50 രൂപ നിരക്കിലുമാണ് വാങ്ങിയിട്ടുള്ളത്. പ്രിൻസിപ്പൽ കൃഷി ഓഫീസർ ആലപ്പുഴയുടെ 11.01.2022ലെ റ്റി.സി(3)/4878/2017 ഉത്തരവ് അനുസരിച്ച് 2021-22 വർഷത്തേയ്ക്ക് അംഗീകരിച്ചിട്ടുള്ള കാർഷിക ആസ്തികളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഒരു കിലോഗ്രാം ഡോളോമൈറ്റിന് 8.5 രൂപയാണ് പരമാവധി ഈടാക്കാവുന്നത്. അര കിലോഗ്രാം തൂക്കമുള്ള സ്യൂഡോമോണാസ്, ബിവേറിയ എന്നിവയുടെ പായ്ക്കറ്റിന് യഥാക്രമം 43 രൂപയും, 38 രൂപയുമാണ് അംഗീകൃത വില്പന വില നിരക്ക്. സർക്കാർ അംഗീകൃത നിരക്കിൽ നിന്നും വ്യതിചലിച്ച് വാങ്ങൽ നടത്തിയതുമൂലം താഴെപറയും പ്രകാരം 118116 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നം | വളം/ കീടനാശിനി | അംഗീകൃത നിരക്ക് | വാങ്ങിയ നിരക്ക് | വാങ്ങിയ അളവ് | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 01 | ഡോളോമൈറ്റ് | 8.5/kg | 10/kg | 34740 | 52110 |
| 02 | സ്യൂഡോമോണാസ് | 43/0.5kg Packet | 50/0.5kg Packet | 3474 Packets | 24318 |
| 03 | ബിവേറിയ | 38/0.5kg Packet | 50/0.5kg Packet | 3474 Packets | 41688 |
| | ആകെ | | | | 118116 |

എന്നാൽ ജില്ലാതല യൂണീറ്റ് കോസ്റ്റിലെ നിരക്കിനേക്കാൾ കൂടിയ വിലയ്ക്ക് മേൽ പറയുന്ന ജീവാണു കീടനാശിനികളും വളവും വാങ്ങിയതുമൂലം പദ്ധതി വിഹിതത്തിൽ നിന്നും അധികമായി തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ ഡിപ്പോകളിലെ നിരക്ക് 10 രൂപയായിരുന്നതിനാലും ചെറിയ പായ്ക്കറ്റുകളിൽ വിതരണം ചെയ്യേണ്ടിവന്നതിനാലുമാണ് കിലോഗ്രാമിന് 10 രൂപ പ്രകാരം ഡോളമൈറ്റ് വാങ്ങേണ്ടി വന്നതെന്നും സ്യൂഡോമോണാസ്, ബിവേറിയ എന്നിവ 5000ppm ഗ്രേഡിലുള്ളതായതിനാലും 100gm വീതമുള്ള പായ്ക്കറ്റുകളിൽ വിതരണം നടത്തേണ്ടിവന്നതിനാലുമാണ് ജില്ലാതല യൂണീറ്റ് കോസ്റ്റിനേക്കാൾ കൂടിയ വിലയ്ക്ക് വാങ്ങേണ്ടി വന്നതെന്നാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/28.2.2023) മറുപടി നൽകിയത്. ഗുണനിലവാരമുള്ള നല്ലയിനം വളങ്ങൾക്കും കീടനാശിനികൾക്കും ബാധകമായ നിരക്കാണ് ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ ബൾക്ക് പർച്ചേസ് നടത്തുമ്പോൾ അത് കൃത്യമായി പായ്ക്ക് ചെയ്ത് ഗുണഭോക്താക്കൾക്ക് എത്തിക്കേണ്ടത് വിതരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വവുമാണ്. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫാമുകളിലും സ്റ്റേഷനുകളിലും മറ്റ് കൃഷിത്തോട്ടങ്ങളിലും ജില്ലാതല യൂണീറ്റ് കോസ്റ്റിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഇവ വില്പന നടത്തുന്നത്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി വസ്തുതയ്ക്ക് നിരക്കുന്നതല്ല. സബ്സിഡി

മാർഗ്ഗരേഖയിലെ നിബന്ധനകളും സർക്കാർ ഉത്തരവുകളും കൃത്യമായി പാലിക്കാതെ പദ്ധതികൾ നടപ്പാക്കി സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല.

അധികം ചെലവഴിച്ച 118116 രൂപ കർണ്ണികാരം ഓർഗാനിക് ഇക്കോ ഷോപ്പിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ചെലവ് വിവരം.

ബിൽ നം. 136/7.12.21 – 141922/-

ബിൽ നം. 175/11.1.22 – 635922/-

ബിൽ നം. 212/21.2.22 – 221156/-

## 1-21 മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നിന്റെ കാലാവധി കഴിഞ്ഞിട്ടും വിതരണം പൂർത്തിയാക്കിയില്ല.

തൻവർഷം നടപ്പാക്കിയ മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോ.നം 84/22) പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നും 1,90,000/- രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്. മരുന്നിന്റെ സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധിച്ചതിൽ, 2021-22 വർഷം വാങ്ങിയ പല മരുന്നുകളുടേയും കാലാവധി കഴിയാറായിട്ടും വിതരണം പൂർത്തിയായിട്ടില്ലായെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | മരുന്നിന്റെ പേര് | വാങ്ങിയ എണ്ണം | വിതരണം നടത്തിയത് | ബാലൻസ് | കാലാവധി |
|---|---|---|---|---|---|
| 01 | VETCLOP INJ 2ml | 24 | 01 | 23 | 02/23 |
| 02 | VETCE TIX 400 Tab | 10 | - | 10 | 04/23 |
| 03 | CEFODOX 4G Inj | 12 | - | 12 | 07/22 |
| 04 | NEUROXINE 100 Ml Inj | 15 | - | 15 | 02/23 |
| 05 | CEPHAST POWDER 20gm | 100 | - | 100 | 05/23 |

മരുന്നുകളുടെ ആവശ്യകത കൃത്യമായി നിർണ്ണയിക്കാതെ വാങ്ങൽ നടത്തുക വഴി ഇവ യഥാസമയം വിതരണം നടത്തുവാൻ കഴിയാതെ വരുകയും തന്മൂലം പദ്ധതിപ്പണം പാഴാകുന്ന അവസ്ഥയുണ്ടാകുകയും ചെയ്യുന്നു. കൃത്യമായ ആവശ്യകത നിർണ്ണയിച്ച് മരുന്ന് വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 21/28.2.2023) വിശദീകരണം ലഭ്യമാക്കിയില്ല.

## 1-22 വെറ്റിലകൃഷി (പ്രോനം. -59/22) – കൂലിച്ചെലവ് സബ്സിഡി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടില്ല.

ചെലവ് : 402000/- (ബിൽ നം.2 തീയതി 27.11.2021)

വള്ളികുന്നം ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം വെറ്റിലകൃഷി കൂലിച്ചെലവ് സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ നല്കിയിരുന്ന ബില്ലിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താവിന്റെ പേരിലുള്ള അക്കൌണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താവ് | ട്രഷറി ബിൽ റെഫറൻസ് നം. | തുക |
|---|---|---|---|
| 1 | Vasudevan | 21070852005101147164 | 3350 |

വെറ്റിലകൃഷി കൂലിച്ചെലവ് സബ്സിഡിയിനത്തിൽ മേൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് യഥാസമയം തുക ക്രഡിറ്റ് ചെയ്യാതിരുന്നതുമൂലം ടിയാന് സബ്സിഡി ആനുകൂല്യം നഷ്ടപ്പെട്ടു. സാങ്കേതിക പിഴവുകൊണ്ടാണ് തുക ക്രഡിറ്റ് ആവാതിരുന്നതെന്നും ട്രഷറിയുമായി ബന്ധപ്പെട്ട് സസ്പെൻഡ് അക്കൗണ്ടിൽ കിടക്കുന്ന തുക തിരികെ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/28.2.2023) കൃഷി ഓഫീസർ മറുപടി നൽകിയത്. മറുപടി അംഗീകരിക്കുന്നു. ഗുണഭോക്താവിന് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 വനിതകൾക്ക് പോത്തുകുട്ടി വിതരണം (പ്രോ.നം 157/22) - ചെലവ് രേഖകൾ ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.

വനിതകളായ ക്ഷീരകർഷകർക്ക് പോത്തുകുട്ടികളെ വാങ്ങി നൽകുന്നതിനായി വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പദ്ധതിയ്ക്കായി മോഡേൺ ഫാം, തഴവ, കരുനാഗപ്പള്ളി എന്ന ഫാമിൽ നിന്നും 127 പോത്തുകുട്ടികളെ വാങ്ങിയതിന് 1905000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 50% തുക പദ്ധതി വിഹിതത്തിൽ നിന്നുള്ള സബ്സിഡിയാണ്. സ്ഥാപനത്തിൽ നിന്നുള്ള ഇൻവോയ്സ് പരിശോധിച്ചതിൽ, തീയതി രേഖപ്പെടുത്താത്ത 172 നമ്പർ ഇൻവോയ്സ് പ്രകാരം 45 പോത്തുകുട്ടികളേയും 163 നമ്പർ ഇൻവോയ്സ് പ്രകാരം 65 പോത്തുകുട്ടികളേയുമാണ് വിതരണം നടത്തിയിട്ടുള്ളത്. ശേഷിക്കുന്ന 17 എണ്ണം പോത്തുകുട്ടികളെ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 17 എണ്ണം പോത്തുകുട്ടികൾക്കായി പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച 127500/- (17x7500) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല.

ഫയൽ പരിശോധിച്ചതിൽ ടി സ്ഥാപനത്തിന്റെ പേരിലുള്ളതും ഉടമയുടെ ഒപ്പും സീലും രേഖപ്പെടുത്തിയ 146, 164, 165, 166, 167, 173, 174 നമ്പരുകളിലുള്ള ബ്ലാങ്ക് ഇൻവോയ്സുകളും 133, 147, 148, 155 എന്നീ നമ്പരുകളിലുള്ളതും റവന്യൂ സ്റ്റാമ്പ് പതിച്ച് ഉടമയുടെ ഒപ്പും സീലും രേഖപ്പെടുത്തിയ ബ്ലാങ്ക് കൈപ്പറ്റ് രസീതുകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മേൽ പറയുന്ന തരത്തിലുള്ള രണ്ട് ഇൻവോയ്സുകളും കൈപ്പറ്റ് രസീതുകളുമാണ് 110 പോത്തുകുട്ടികളെ വിതരണം നടത്തിയതിന്റെ രേഖയായി ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. മൃഗാശുപത്രിയിലേക്ക് സാധനം സപ്ലൈ ചെയ്യുന്ന സ്ഥാപനത്തിന്റെ ബ്ലാങ്ക് ബില്ലുകളും, കൈപ്പറ്റ് രസീതുകളും വാങ്ങി സൂക്ഷിച്ചിരിക്കുന്നത് പദ്ധതി നടത്തിപ്പിന്റെ സുതാര്യതയിൽ സംശയം ജനിപ്പിക്കുന്നതാണ്. വിതരണക്കാരിൽ നിന്നും ബ്ലാങ്ക് ബില്ലുകളും, കൈപ്പറ്റ് രസീതുകളും വാങ്ങി സൂക്ഷിച്ച് ഇഷ്ടാനുസരണം എണ്ണവും തുകയും എഴുതി ചേർക്കുന്ന രീതി അംഗീകരിക്കാവുന്നതല്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ചെലവ് വിവരം.

ബിൽ നം - 224/27.1.2022 - 487,500/-
ബിൽ നം - 224/11.2.2022 - 127,500/-
ബിൽ നം - 271/28.2.2022 - 340,000/-
ഗുണഭോക്തൃ വിഹിതം - 952,500/-

## 1-24 പി.എച്ച്.സിയ്ക്ക് മരുന്ന് ലഭ്യമാക്കിയില്ല-2,54,765/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1) മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പി.എച്ച്.സിയ്ക്കു മരുന്ന് വാങ്ങൽ (പ്രോജക്ട് നം:S070/22) എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 18,00,000/- രൂപ കേരള മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് ഇൻവോയ്സ് നമ്പർ പി.ആർ.എഫ് 1908 / തീയതി 02/09/2021 പ്രകാരം അക്കൗണ്ട് ട്രാൻസ്ഫർ വഴി അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 70 / 2022 |
| പ്രോജക്ട് | പി.എച്ച്.സിയ്ക്കു മരുന്ന് വാങ്ങൽ |
| അടങ്കൽ | 18,00,000/-<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ഇൻവോയ്സ് നമ്പർ | പി.ആർ.എഫ് 1908 /<br>തീയതി 02/09/2021 |
| ചെലവ് | ബിൽ തുക: 18,00,000/-<br>ട്രഷറി ബിൽ നമ്പർ: 210085200500044801<br>തീയതി: 13-10-2021 |

ടി തുക പൂർണ്ണമായും കേരള മെഡിയ്ക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അക്കൗണ്ട് ട്രാൻസ്ഫർ വഴി മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ 15,68,658/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളൂ. 2,31,342/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

2) മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ മറ്റൊരു പ്രൊജക്ട് ആയ പാലിയേറ്റീവ് കെയർ - (പ്രോജക്ട് നം:S042/22) എന്ന പദ്ധതിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് പി.ആർ.എഫ് 1445 / തീയതി 31/07/2021 ഇൻവോയ്സ് നമ്പർ പ്രകാരം 2,90,490/- രൂപയും, പി.ആർ.എഫ് 7328 / തീയതി 24/03/2022 ഇൻവോയ്സ് നമ്പർ പ്രകാരം 1,99,996/- രൂപയും (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ആകെ 4,90,486/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ വഴി അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 42 / 2022 |
| പ്രോജക്ട് | പാലിയേറ്റീവ് കെയർ |

| | |
|---|---|
| അടങ്കൽ | 9,00,000/-<br>(പൊതുവിഭാഗം സാധാരണ വിഹിതം -7,00,000/-)<br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം-2,00,000/-) |
| ചെലവ് | 821536/-<br>(621540+199996) |
| മരുന്ന് വാങ്ങുന്നതിന് നല്കിയ തുകയുടെ വിവരങ്ങൾ | 1) പി.ആർ.എഫ് 1445 / തീയതി 31/07/2021<br>ബിൽ തുക: 2,90,490/-<br>ട്രഷറി ബിൽ നമ്പർ: 210708000000005793<br>തീയതി: 13-10-2021 |
| | 2)പി.ആർ.എഫ് 7328 / തീയതി 24/03/2022<br>ബിൽ തുക: 1,99,996/-<br>ട്രഷറി ബിൽ നമ്പർ: 210708000000010971<br>തീയതി: 26-03-2022 |

പ്രോജക്ടിന്റെ ചെലവ് തുകയിൽ 4,90,486/- രൂപ മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അക്കൌണ്ട് ട്രാൻസ്ഫർ വഴി മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ 4,67,063/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളൂ. 23,423/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളിലായി 2,54,765/- രൂപയുടെ മരുന്ന് ഇതു വരെയും ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:26,തീയതി:28-02-2023) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് മരുന്നുകളുടെ ബിൽകോപ്പികൾ സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 2,54,765/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നൽകിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ആശ്രയ അഗതി രഹിത കേരളം- തുക ചെലവഴിച്ചില്ല

പ്രോജക്ടിന്റെ പേര്- ആശ്രയ അഗതി രഹിത കേരളം

പ്രോജക്ട് നം- 37

നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- വികസന ഫണ്ട്-ജനറൽ- 300000

ചെലവ്- 300000

(ബിൽ നം.12 തീ.29.01.2022- 300000/-രൂപ)

വള്ളികുന്നം ഗ്രാമ പഞ്ചായത്തിലെ അഗതി ആശ്രയ കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നല്കുന്നതിലേക്കായി തൻവർഷം വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 300000/-രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് സി.ഡി.എസ് ചെയർപേഴ്സൺ , മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയിൽ 50000/-രൂപ മാത്രമാണ് നാളിതു വരെയായി ചെലവഴിച്ചിട്ടുള്ളത്. 250000/-രൂപ ചെലവഴിക്കപ്പെടാതെ പ്രസ്തുത അക്കൌണ്ടിൽ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15 തീ.28.02.2023) ഗുണഭോക്താക്കളിൽ നിന്നും രേഖകൾ സ്വീകരിച്ച് വരുന്നതേയുള്ളൂവെന്നും ഉടൻ തന്നെ തുക ചെലവഴിക്കുന്നതാണെന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി നല്കി. തുക ചെലവഴിയ്ക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത തുക പൂർണമായും വിനിയോഗിക്കുന്നതു വരെ 250000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 പഠനമുറി നിർമാണം പൂർത്തീകരിച്ചില്ല- തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്- പഠനമുറി (എസ്.സി)

പ്രോജക്ട് നം- 142

അടങ്കൽ- വികസന ഫണ്ട്-എസ്.സി.പി- 3640000

ചെലവ്- 2400000

1.ബിൽ നം.4 തീ.20.12.2021- 300000/-രൂപ

2.ബിൽ നം.6 തീ.31.12.2021 - 250000/-രൂപ

3.ബിൽ നം.9 തീ.18.01.2022- 100000/-രൂപ

4.ബിൽ നം.10 തീ.28.01.2022- 350000/-രൂപ

5.ബിൽ നം.11 തീ.29.01.2022- 150000/-രൂപ

6.ബിൽ നം.14 തീ.22.02.2022- 350000/-രൂപ

7.ബിൽ നം.17 തീ.22.02.2022- 50000/-രൂപ

8.ബിൽ നം.18 തീ.26.02.2022- 50000/-രൂപ

9.ബിൽ നം.19 തീ.25.02.2022- 200000/-രൂപ

10.ബിൽ നം.20 തീ.05.03.2022- 300000/-രൂപ

11.ബിൽ നം.22 തീ.17.03.2022- 250000/-രൂപ

12.ബിൽ നം.23 തീ.24.03.2022- 50000/-രൂപ
നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും പഠനമുറി നിർമാണം പൂർത്തീകരിച്ചിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തൻവർഷം കൈപ്പറ്റിയ തുക ( രൂപ) |
|---|---|---|
| 1 | സുമിത ,സുരേഷ് ഭവനം | 100000 |
| 2 | രാജൻ, ഭഗവതി അയ്യത്ത് മീനത്ത് തുണ്ടിൽ | 100000 |
| 3 | പ്രജി.എസ്, തോന്നോലിതറയിൽ | 100000 |
| | ആകെ | 300000/-രൂപ |

മേൽ ഗുണഭോക്താക്കൾ പഠനമുറി നിർമാണം പൂർത്തീകരിക്കാത്തതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16 തീ.28.02.2023) പ്രസ്തുത ഗുണഭോക്താക്കൾ പഠനമുറി നിർമാണത്തിന്റെ അവസാന ഘട്ടത്തിലാണെന്നും ഉടൻ പൂർത്തീകരിക്കുമെന്നും മറുപടി നല്കി. നിർമാണം പൂർത്തീകിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പൂർത്തീകരണ വിവരം ലഭ്യമാകുന്നതു വരെ മേൽ ഗുണഭോക്താക്കൾക്കനുവദിച്ച തുക (300000/-രൂപ ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ രേഖകൾ ലഭ്യമല്ല.

പ്രോജക്ടിന്റെ പേര് : ഐ.കെ.എം വിഹിതം നൽകൽ

പ്രോജക്ട് നം. : 3/2022

അടങ്കൽ : വികസന ഫണ്ട് - 89525/-

ചെലവ് : 89525/- (ബിൽ നം.6തീയതി.30.06.2021)

നിർവഹണം: സെക്രട്ടറി

വള്ളികുന്നം ഗ്രാമ പഞ്ചായത്തിന്റെ ഐ.കെ.എം-നുള്ള വിഹിതമായി 89525/- രൂപ മേൽ ബിൽ പ്രകാരം ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീ.28.02.2023) മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (89525/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഐ.കെ.എം- ൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 സ്ട്രീറ്റ് ലൈൻ എകസ്റ്റൻഷൻ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

വള്ളികുന്നം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എകസ്റ്റൻഷനു വേണ്ടി സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി താഴെപ്പറയും പ്രകാരമുള്ള പ്രോജക്ടുകൾ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് തുക ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. /പേര് | കൈമാറിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| 1. | 93/സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 425000 | R022201112717/8.02.2022 |
| 2. | 149/സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ സി.എഫ്.സി ബേസിക് ഗ്രാന്റ് അധിക വിഹിതം | 454312 | ബിൽ നം.23/10.02.2022 |
| 3. | 137/ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി) | 359789 | ബിൽ നം.23/10.02.2022<br>ബിൽ നം.36/17.03.2022 |
| 4. | 139/ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ സ്പിൽ ഓവർ അധിക വിഹിതം | 1039852 | ബിൽ നം.29/10.02.2022 |
| | ആകെ | 2278953 | |

എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9തീ.28.02.2023) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2278953/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ആർദ്രം മിഷൻ എൻ.എച്ച്.എംന് തുക കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്റ്റ് നം.148/2022

പ്രോജക്റ്റിന്റെ പേര്: ആർദ്രം മിഷൻ എൻ,എച്ച്.എംന് തുക കൈമാറൽ

അടങ്കൽ-വികസന ഫണ്ട് ജനറൽ- 786000/-രൂപ

തനത് ഫണ്ട് - 664000/-രൂപ

ആകെ 1450000/രൂപ

ചെലവ്- 1450000/-രൂപ

(1.ബിൽ നം.29/10.02.2022-786000/-രൂപ

2.ചെക്ക് നം.390663 തീ.07.02.2022-664000/-രൂപ)

വള്ളികുന്നം ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ആവശ്യത്തിനായി 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 1450000/-രൂപ നാഷണൽ ഹെൽത്ത് മിഷന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തി പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീ.28.02.2023) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1450000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കി തടസം ഓഴിവാക്കേണ്ടതാണ്.

## 1-30 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് കൺസോർഷ്യത്തിന് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പ്രോജക്റ്റ് നം.155/2022

പ്രോജക്റ്റിന്റെ പേര്: ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് കൺസോർഷ്യത്തിന് തുക കൈമാറൽ

അടങ്കൽ- തനത് ഫണ്ട് -80000/-രൂപ

ചെലവ്- 80000/-രൂപ

(ചെക്ക് നം.390664 തീ.07.02.2022-80000/-രൂപ)
നിർവഹണം-സെക്രട്ടറി

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആറ് ഗ്രാമ പഞ്ചായത്തുകളിലെയും അജൈവ മാലിന്യ സംസ്കരണത്തിനായി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലും, ഗ്രാമ പഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെയും ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതകർമസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിൽ എത്തിക്കുന്നതിനും ആർ.ആർ.എഫിന്റെ നടത്തിപ്പിനും ടി യൂണിറ്റിലെ 5 തൊഴിലാളികൾക്ക് വേതനം നല്കുന്നതിനുമായി ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് 80000/-രൂപ വീതം ഓരോ ഗ്രാമ പഞ്ചായത്തും നല്കുന്നതിന് കൺസോർഷ്യത്തിന്റെ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം മേൽ ബിൽ മുഖേന പ്രസ്തുത ആവശ്യത്തിനായി 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 80000/-രൂപ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11 തീ.28.02.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 80000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കി തടസം ഓഴിവാക്കേണ്ടതാണ്.

## 1-31 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ - അർഹത നിർണ്ണയിക്കാതെ ഉപകരണങ്ങൾ വിതരണം ചെയ്തു.

ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ (പ്രോ.നം 128/22) എന്ന പ്രോജക്ടിനായി തൻവർഷം പദ്ധതി വിഹിതത്തിൽ നിന്നും 368872/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വികലാംഗ ക്ഷേമ കോർപ്പറേഷന്റെ നേതൃത്വത്തിൽ മെഡിക്കൽ ടീമിനെ നിയോഗിച്ചുകൊണ്ട് ഗ്രാമസഭാ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടത്തുകയും സഹായ ഉപകരണങ്ങൾ ആവശ്യമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി വികലാംഗ ക്ഷേമ കോർപ്പറേഷന് സപ്ലൈ ഓർഡർ നൽകുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികളിൽ ചിലർ മരണപ്പെട്ടതിനാലും മറ്റുള്ളവർക്ക് ഉപകരണങ്ങൾ ആവശ്യമില്ലെന്ന് അറിയിച്ചതിനാലും വാങ്ങിയ ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റിന് കൈമാറുവാൻ 06/12/2021ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു (തീരുമാനം I(5)). പിന്നീട് 24.3.2022ലെ ഭരണസമിതിയോഗത്തിന്റെ 2(1) തീരുമാനപ്രകാരം പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തികൊണ്ടുള്ള ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകുകയും വാങ്ങിയ ഉപകരണങ്ങൾ ഇവർക്ക് വിതരണം നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ, അസ്ഥിരോഗ വിദഗ്ധന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ ടിമിന്റെ പരിശോധന കൂടാതെയാണ് പഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുത്തു നൽകിയ ഗുണഭോക്താക്കൾക്ക് ഇവ വിതരണം നടത്തിയിട്ടുള്ളത്. മെഡിക്കൽ പരിശോധന നടത്തി ഓരോ വ്യക്തിയ്ക്കും

ആവശ്യമായ ഉപകരണത്തിന്റെ കൃത്യത ഉറപ്പാക്കാതെ ഉപകരണങ്ങൾ വിതരണം നടത്തിയിത് ക്രമവിരുദ്ധമാണ്. പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമുള്ള പുതിയ ലിസ്റ്റിൽ നിന്നും ഉപകരണങ്ങൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരുവിവരവും അവർ കൈപ്പറ്റിയ ഉപകരണങ്ങളുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം . 17/22.2.2023) മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെ ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തിയതിനാൽ ചെലവ് തുക 368872/- രൂപ തടസ്സപ്പെടുത്തുന്നു.
ചെലവ് വിവരം.
ബിൽ നം 1548/30.3.2022 – 368872/-
നിർവഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ

## 1-32 യഥാസമയം വാട്ടർ ചാർജ് ഒടുക്കാതിരുന്നതിനുള്ള ഫൈൻ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയത് സംബന്ധിച്ച്

1.പ്രോജക്ടിന്റെ പേര് : കെ.ഡബ്ല്യു.എ കുടിവെള്ള ചാർജ്

പ്രോജക്ട് നം. : 26/2022

അടങ്കൽ : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 701650/-രൂപ

ആകെ- 701650/-രൂപ

ചെലവ് : 691420/-രൂപ

(1.ബിൽ നം.5 തീ.30.06.2021-138284/-രൂപ

2.ബിൽ നം.9 തീ.22.07.2021-138284/-രൂപ

3.ബിൽ നം.41 തീ.24.03.2022-414852/-രൂപ )

നിർവഹണം: സെക്രട്ടറി

2.പ്രോജക്ടിന്റെ പേര് : കുടിവെള്ള ചാർജ്

പ്രോജക്ട് നം. : 102/2022

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 1139000/-രൂപ

ആകെ- 1139000/-രൂപ

ചെലവ് : 1017069/-രൂപ

(1.R122100323665 തീ.06.12.2021- 461097/-രൂപ

2.R122103198375 തീ.21.12.2021- 141120/-രൂപ

3.R122100075623 തീ.06.12.2021- 138284/-രൂപ

4.R032202285744 തീ.06.12.2021- 276568/-രൂപ)

നിർവഹണം: സെക്രട്ടറി

വള്ളികുന്നം ഗ്രാമ പഞ്ചായത്തിൽ ആകെ 301 പൊതു ടാപ്പുകളാണുള്ളത്. ഒരു ടാപ്പിന് പ്രതിവർഷം 5513/-രൂപയാണ് വാട്ടർ അതോറിറ്റി വെള്ളക്കരമിനത്തിൽ ഡിമാന്റ് ചെയ്യുന്നത്. ആയത് പ്രകാരം 301 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 138284/-രൂപ (5513x301/12) വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തു വരുന്നു. ആയത് പ്രകാരം വള്ളികുന്നം ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം ഒടുക്കേണ്ട ആകെ വാട്ടർ ചാർജ് 1659408/-രൂപയാണ് (138284x12). എന്നാൽ മേൽ രണ്ട് പ്രോജക്ടുകളിൽപ്പെടുത്തി തൻവർഷം ആകെ 1708489/-രൂപ വാട്ടർ ചാർജിനത്തിൽ കേരള വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കിയിട്ടുണ്ട്. അധികമായി ഒടുക്കിയിട്ടുള്ള 49081/-രൂപ ഫൈൻ ഇനത്തിലുള്ള തുകയാണ്. മുകളിൽ നല്കിയിട്ടുള്ള 102/2022 നമ്പർ പ്രോജക്ടിൽ ക്രമ നമ്പർ 1,2 എന്നിവ പ്രകാരം അനുവദിച്ച തുകയിലാണ് ഈ അധിക ചെലവ് വന്നിട്ടുള്ളത്. ഫൈൻ ഇനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കാനുണ്ടായ കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ.28.02.2023) മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ തുക തനത് ഫണ്ടിൽ പണമുണ്ടായിരുന്നിട്ടും വെള്ളക്കരം ഒടുക്കാതെ ഫൈൻ വരുത്തി വെച്ച ജീവനക്കാരിൽ (അതത് സമയത്തെ സെക്ഷൻ ക്ലർക്ക്, ഹെഡ് ക്ലർക്ക്, സെക്രട്ടറി) നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-33 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല- നഷ്ടം 30,666/- രൂപാ

വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. MGNREGS പദ്ധതികൾക്കായും പഞ്ചായത്തിന്റെ വാർഷികപദ്ധതികൾക്കുമായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പഞ്ചായത്ത് നൽകിയ പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തീയ്യതി | പത്രം / ഇൻവോയിസ് നം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | നിരക്ക് | ആകെ നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയത് | ചെക്ക് നമ്പർ, |
|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 22100371 / 13-07-21 | 321000094875 / 21.02.21 മാതൃഭൂമി | 40sq Cm | 260 | 8840 (Sgst-221 Cgst-221) = 9282 | 3×8=24$cm^2$@260 =6240 15% ഡിസ്കൗണ്ട്= 936 6240-936=5304 +5%ടാക്സ് 5304+265= 5569 | 9282-5569 = 3713 | ഡിസിബി 50060 9/7/21 |
| 22100372 / 13-07-21 | 321000085948/ 31.01.2021 മാതൃഭൂമി | 40sq Cm | 260 | 8840 (Sgst-221 Cgst-221) = 9282 | 3×8=24$cm^2$@260 =6240 15% ഡിസ്കൗണ്ട്= 936 6240-936=5304 +5%ടാക്സ് 5304+265= 5569 | 9282-5569 = 3713 | ഡിസിബി 50060 9/7/21 |
| 22100373 / 13-07-21 | 321000095959/ 25.02.2021 മാതൃഭൂമി | 40sq Cm | 260 | 8840 (Sgst-221 Cgst-221) = 9282 | 3×8=24$cm^2$@260 =6240 15% ഡിസ്കൗണ്ട്= 936 6240-936=5304 +5%ടാക്സ് 5304+265= 5569 | 9282-5569 = 3713 | ഡിസിബി 50060 9/7/21 |
| 22100374 / 13-07-21 | 321000084217/ 29.01.2021 മാതൃഭൂമി | 32sq Cm | 260 | 7072 (Sgst-176 Cgst-176) = 7426 | 3×8=24$cm^2$@260 =6240 15% ഡിസ്കൗണ്ട്= 936 6240-936=5304 +5%ടാക്സ് 5304+265= 5569 | 7426-5569 = 1857 | ഡിസിബി 50060 9/7/21 |
| 22100991 / 21-12-21 | 321000023846/ 09.07.2021 മാതൃഭൂമി | 40sq Cm | 275 | 9350 (Sgst-233.75 Cgst-233.75) = 9818 | 3×8=24$cm^2$@275 =6600 15% ഡിസ്കൗണ്ട്= 990 6600-990=5610 +5%ടാക്സ് 5610+281= 5891 | 9818-5891 = 3927 | ഡിസിബി 053787 20/12/21 |
| 22100992 / 21-12-21 | 321000064825 / 02.11.2021 മാതൃഭൂമി | 48sq Cm | 275 | 11220 (Sgst-280.50 Cgst-280.50) = 11,781 | 3×8=24$cm^2$@275 =6600 15% ഡിസ്കൗണ്ട്= 990 6600-990=5610 +5%ടാക്സ് 5610+281= 5891 | 11781-5891 = 5890 | ഡിസിബി 053787 20/12/21 |
| 22100993 / 21-12-21 | 321000047181/ 16.09.2021 മാതൃഭൂമി | 32sq Cm | 275 | 7480 (Sgst-187 Cgst-187) = 7854 | 3×8=24$cm^2$@275 =6600 15% ഡിസ്കൗണ്ട്= 990 6600-990=5610 | 7854-5891 = 1963 | ഡിസിബി 053787 20/12/21 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | +5%ടാക്സ് 5610+281= 5891 | | |
| 22100994 / 21-12-21 | 321000059497/ 19.10.2021 മാതൃഭൂമി | 32sq Cm | 275 | 7480 (Sgst-187 Cgst-187) = 7854 | 3x8=24cm$^2$@275 =6600 15% ഡിസ്കൗണ്ട്= 990 6600-990=5610 +5%ടാക്സ് 5610+281= 5891 | 7854-5891 = 1963 | ഡിസിബി 053787 20/12/21 |
| 22100995 / 21-12-21 | 321000031745/ 03.08.2021 മാതൃഭൂമി | 40sq Cm | 275 | 9350 (Sgst-233.75 Cgst-233.75) = 9818 | 3x8=24cm$^2$@275 =6600 15% ഡിസ്കൗണ്ട്= 990 6600-990=5610 +5%ടാക്സ് 5610+281= 5891 | 9818-5891 = 3927 | ഡിസിബി 053787 20/12/21 |
| അധികം നല്കിയ തുക | | | | | | 30,666/- | |

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ.ആന്റ്.പി.ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. MGNREGS പദ്ധതികൾക്കായും പഞ്ചായത്തിന്റെ വാർഷികപദ്ധതികൾക്കുമായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് നടത്തിയ പത്രപരസ്യങ്ങൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം 30,666/- രൂപയുടെ ചെലവുനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 27.03.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-05) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 30,666/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 മതിയായ അളവിൽ ബാരൽ വില കുറവ് ചെയ്തില്ല- നഷ്ടം സംബന്ധിച്ച്.

2021-22 സാമ്പത്തിക വർഷം വള്ളികുന്നം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലകളിൽ നിന്നും മതിയായ അളവിൽ ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. ആയതിന്റെ 18% ജി.എസ്.റ്റി ഉൾപ്പെടെ ആകെ 281/-രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 238/-രൂപ ക്രമത്തിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം,/ പേര് | ബാരൽ വിലയിനത്തിൽ ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|
| 1 | 7/ചൂനാട് മാർക്കറ്റിന് പടിഞ്ഞാറ് മാണത്തറ വടക്ക് പഞ്ചായത്ത് അതിർത്തി വരെയും വാലിൽ പടിഞ്ഞാറ് മുതൽ പഞ്ചായത്ത് അതിർത്തി വരെയുമുള്ള റോഡ് റീ ടാറിംഗ് വാർഡ്-1 | 13x238=3094 | 13x281=3653 | 559 |
| 2 | 8/ഗുരുമന്ദിരം - എസ്.എൻ.ഡി.പി ഹൈസ്കൂൾ ജം. റോഡ് റീ ടാറിംഗ് വാർഡ്-2 | 5x238=1190 | 5x281=1405 | 215 |
| | 9/വേട്ടനാടി കോളനി റോഡ് റീ ടാറിംഗ് വാർഡ്-5 | 33x238=7854 | 33x281=9273 | 1419 |
| 3 | 10/മലമേൽ ചന്ത പോക്കാട്ടുകളം റോഡ് മെയിന്റനൻസ് വാർഡ്7 | 24x238=5712 | 24x281=6744 | 1032 |

| | | | | |
|---|---|---|---|---|
| 4 | 11/ കാർത്ത്യായനിപുരം മുല്ലശ്ശേരിൽ മുക്ക് റോഡ് റീ ടാറിംഗ് വാർഡ്-8 | 15x238=3570 | 15x281=4215 | 645 |
| 5 | 12/ ഗുരുമന്ദിരം തെക്ക് കുറ്റിയിൽ മുക്ക് റോഡ് റീ ടാറിംഗ് വാർഡ്-9 | 13x238=3094 | 13x281=3653 | 559 |
| 6 | 13/ ഇലഞ്ഞിക്കൽ ജം. കഴിവിളക്കാവ് റോഡ് റീ ടാറിംഗ് വാർഡ്-10 | 18x238=4284 | 18x281=5058 | 774 |
| 7 | 15/നാലുവിള മരങ്ങാട്ട് റോഡ് റീ ടാറിംഗ് വാർഡ്12 വാർഡ്-13 | 21x238=4998 | 21x281=5901 | 903 |
| 8 | 17/കന്നിമേൽ ഹെൽത്ത് സെന്റർ മനഭവൻ ജംഗ്ഷൻ റോഡ് റീടാറിംഗ് | 21x238=4998 | 21x281=5901 | 903 |
| 9 | 18/ കോട്ടയ്ക്കാട്ട് മുക്ക് പണിക്കശേരിൽ മുക്ക് റോഡ് റീ ടാറിംഗ് വാർഡ്-17 | 22x238=5236 | 22x281=6182 | 946 |
| 10 | 20/ കടേക്കരി മാർക്കറ്റ് പൂവകുളഞ്ഞി റോഡ് മെയിന്റനൻസ് വാർഡ്-16 | 16x238=3808 | 16x281=4496 | 688 |
| 11 | 33/ ബദാംമുക്ക് കണിയാംമുക്ക് റോഡ് റീ ടാറിംഗ് വാർഡ്-15 വാർഡ്-16 | 14x238=3332 | 14x281=3934 | 602 |
| 12 | 39/പാൽ സൊസൈറ്റി ശബരിക്കൽ ജം റോഡ് റീ ടാറിംഗ് വാർഡ്-13 | 12x238=2856 | 12x281=3372 | 516 |
| 13 | 41/തണ്ടത്ത്മുക്ക് വിജയിൽ വടക്കതിൽ റോഡ് മെയിന്റനൻസ് | 6x238=1428 | 6x281=1686 | 258 |
| 14 | 47/ താഴത്തുവീട്ടിൽ ചുങ്കത്തടം റോഡ് മെയിന്റനൻസ് വാർഡ്-6 | 19x238=4522 | 19x281=5339 | 817 |
| 15 | 118/പുത്തുരേത്ത് മുക്ക് മുനാേണ്ടമുക്ക് റോഡ് മെയിന്റനൻസ് വാർഡ്-14 | 21x238=4998 | 21x281=5901 | 903 |
| 16 | 119/കൊച്ചയ്യത്ത് കല്ലുകണ്ടം റോഡ് മെയിന്റനൻസ് വാർഡ്-14 | 7x238=1666 | 7x281=1967 | 301 |
| 17 | 120/തെക്കേതലയ്ക്കൽ കക്കറുമ്പ് റോഡ് മെയിന്റനൻസ് വാർഡ്-2 | 23x238=5474 | 23x281=6463 | 989 |
| 18 | 143/ ആതിരാ ജംഗ്ഷൻ വാളാച്ചൽ റോഡ് മെയിന്റനൻസ് വാർഡ്-15 | 5x238=1190 | 5x281=1405 | 215 |
| 19 | 144/ ബദാംമുക്ക് നടിലേത്ത് മുക്ക് റോഡ് മെയിന്റനൻസ് വാർഡ് -14 | 3x238=714 | 3x281=843 | 129 |
| | ആകെ | | | 13373 |

കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-35 ശരിയായ നിരക്കിൽ ഫൈൻ ഈടാക്കിയില്ല- നഷ്ടം 35544/-രൂപ

| | | |
|---|---|---|
| പ്രോജക്ട് നം. | : | 120 |
| പ്രോജക്ടിന്റെ പേര് | : | തെക്കേതലയ്ക്കൽ കക്കറുമ്പ് റോഡ് മെയിന്റനൻസ് വാർഡ്-2 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.അമ്പിളി ദാസ് |

| | |
|---|---|
| എഗ്രീഡ് പി.എ.സി | : 865580/- രൂപ |
| ചെലവ് | 943324/- രൂപ,<br>(1.ബിൽ റെഫറൻസ് നം.21070852012400342207 തീ.25.08.2021 770054/രൂപ<br>2.ബിൽ റെഫറൻസ് നം.22070852012400159611 തീ.02.06.2022- 173270) |
| എം.ബുക്ക് നം | : 108/19-20 |
| എഗ്രിമെന്റ് നം. | : 14/AE/LID &EW/VKLM/2020-21 തീ.04.11.2020 |

2012 ലെ പി.ഡബ്ല്യ.ഡി മാനവൽ അനസരിച്ച് കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം മരാമത്ത് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിന്റെ 18.08.2018-ലെ എ.സി-2/223/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ആദ്യത്തെ 3 മാസം കരാർ തുകയുടെ 1% പിഴ ചുമത്താവുന്നതും പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്താവുന്നതും ആണെന്ന് പറഞ്ഞിരിക്കുന്നു.

മേൽ പ്രവർത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതിന് കരാറുകാരനിൽ നിന്നും 5% ഫൈൻ ഈടാക്കിയിട്ടുണ്ട്. എന്നാൽ കരാർ തുകയുടെ 5% തുകയല്ല ഫൈൻ ആയി ഈടാക്കിയിരിക്കുന്നത്. തന്മൂലം ഗ്രാമ പഞ്ചായത്തിന് താഴെപ്പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| കരാർ തുക | 865580/- രൂപ |
| ഈടാക്കേണ്ട ഫൈൻ (5%) | 865580x5%= 43279 |
| ഈടാക്കിയ ഫൈൻ | 7735 |
| കുറവ് | 35544/-രൂപ |

ഫൈൻ കുറവായി ഈടാക്കിയതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25 തീ.28.02.2023) മറുപടി ലഭ്യമാക്കിയില്ല. ഫൈൻ പൂർണമായും ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും ഈടാക്കാനാവാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-36 ഘടകസ്ഥാപനങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ -അധിക തുക അനുവദിച്ചു.

പ്രോജക്ടിന്റെ പേര് : ഘടകസ്ഥാപനങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ

പ്രോജക്ട് നം. : 32/2022

അടങ്കൽ : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 134000/-രൂപ

തനത് ഫണ്ട്- 15000/-രൂപ

ആകെ- 149000/-രൂപ

ചെലവ് : 149000/-രൂപ

(1.ബിൽ നം.28 തീ.10.02.2022-134000/-രൂപ

2.ചെക്ക് നം.390665 തീയതി.07.02.2022 -15000)

നിർവഹണം: സെക്രട്ടറി

ഈ പദ്ധതി പ്രകാരം രണ്ട് മേശയും, ആറ് അലമാരയും ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ചെങ്ങന്നൂർ ശാഖയിൽ നിന്നും വാങ്ങിയതിന്റെ വിലയായി 149000/-രൂപ മേൽ പ്രകാരം ആർട്ട്കോയുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ആർട്ട്കോയിൽ നിന്നും ലഭ്യമാക്കിയ കാഷ് ബിൽ (നം.372തീ.10.01.2022) പ്രകാരം ഈയിനങ്ങളുടെ നികുതിയുൾപ്പെടെയുള്ള ആകെ വിലയായി 145482/-രൂപ മാത്രമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. അധികമായി 3518/-രൂപ ആർട്ട്കോയ്ക്ക് നല്കാനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ.28.02.2023) മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ തുക ആർട്ട്കോയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ആർട്ട്കോയിൽ നിന്നും ലഭ്യമാവാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-37 MGNREGS - മെറ്റീരിയൽ ഉപയോഗിച്ചുള്ള കരാർ പ്രവർത്തികളിൽ നികുതികൾ കുറവ് ചെയ്തില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ് /16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. വള്ളികുന്നം

ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ മെറ്റീരിയൽ പ്രവർത്തികളിൽ നിന്നും ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര്, വർക്ക് കോഡ് | കരാറുകാരന്റെ പേര് | മെറ്റീരിയലിന്റെ വില | ആദായ നികുതി | ജി.എസ്.ടി |
|---|---|---|---|---|---|
| 1 | വട്ടപ്പന-കുട്ടോലിൽ ഓട നിർമ്മാണം W-18 (FP/356836) | അമ്പിളി ദാസ് | 381052 | 3811 | 7621 |
| 2 | പള്ളിമഠത്തിൽ പഞ്ചായത്ത് അതിർത്തി ഓട നിർമ്മാണം (W-1) (FP/356921) | അമ്പിളി ദാസ് | 379965 | 3780 | 7599 |
| 3 | ചെട്ടിശ്ശേരിൽ ജം - വെളളത്തേടത്ത് ജം റോഡ് കോൺക്രീറ്റിംഗ് (RC/295382) | എ.എം ഹമീദ് | 36328 | 363 | 0 |
| 4 | നൂറാട്ട് - പൂക്കുലഞ്ഞി റോഡ് കോൺക്രീറ്റിംഗ് W16 (RC/298262) | സുനിൽ ചന്ദ്രൻ സി | 336275 | 3363 | 6725 |
| 5 | പുത്തൻവീട്ടിൽ - താന്നിക്കര ടെമ്പിൾ റോഡ് കോൺക്രീറ്റിംഗ് (RC/299517) | സുനിൽ ചന്ദ്രൻ സി | 246259 | 2463 | 4925 |
| 6 | പൈങ്ങാത്തറ റോഡ് കോൺക്രീറ്റിംഗ് W-13 (RC/307310) | മുഹമ്മദ് സാജിദ് | 285553 | 2856 | 5711 |
| 7 | പെരമുറി - ആക്കിനാട്ട് റോഡ് കോൺക്രീറ്റിംഗ് W-13 (RC/307311) | മുഹമ്മദ് സാജിദ് | 214165 | 2142 | 4283 |
| 8 | കാട്ടൂർ മുക്ക് - അമ്പിളി മുക്ക് റോഡ് കോൺക്രീറ്റിംഗ് W-13 (RC/307313) | സുനിൽ ചന്ദ്രൻ സി | 193759 | 1974 | 0 |
| 9 | നാരായണം - നൂറാട്ട് റോഡ് കോൺക്രീറ്റിംഗ് ll (RC/307315) | സുനിൽ ചന്ദ്രൻ സി | 342664 | 3426 | 6853 |
| 10 | മലമേൽ ചന്ത – പൂക്കാട്ട് കുളം റോഡ് കോൺക്രീറ്റിംഗ് (RC/307318) | പ്രകാശ് സി | 397344 | 3973 | 7946 |
| 11 | ഓംകാരം വരട്ടുചിററോഡ് Ward3 (RC/307835) | പ്രകാശ് സി | 410780 | 4108 | 8215 |
| 12 | കാളി ജയ റോഡ് കോൺക്രീറ്റിംഗ് Ward3 (RC/307838) | പ്രകാശ് സി | 408162 | 4082 | 8163 |
| 13 | അമൃത് ജം- കടുവിൻകാലമുക്ക് റോഡ് കോൺക്രീറ്റിംഗ് W-11, Reach-I (RC/309350) | അമ്പിളി ദാസ് | 397344 | 3973 | 7947 |
| 14 | പേപ്പർമിൽ -1അംഗൻവാടി നം 73 റോഡ് കോൺക്രീറ്റിംഗ് W-10 (RC/309438) | സുനിൽ ചന്ദ്രൻ സി | 202077 | 2021 | 0 |
| 15 | പുളിത്തിട്ട ഭാഗമ – മാമ്പ്ര മലനട ഭാഗം റോഡ് | മുഹമ്മദ് സാജിദ്.ഇ | 397344 | 3973 | 7947 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് W-10, Part-I (RC/309440) | | | | |
| 16 | പോമിയോ പോസ്പിറ്റൽ – കൊരട്ട് കിളക്കതിൽ റോഡ് കോൺക്രീറ്റിംഗ് W-4 (RC/309700) | സുനിൽ ചന്ദ്രൻ സി | 247488 | 2475 | 4949 |
| 17 | കോട്ടപ്പുറം – കുഴഉവേലിത്തറ റോഡ് കോൺക്രീറ്റിംഗ് W-3 (RC/309701) | പ്രകാശൻ സി | 281279 | 2813 | 5625 |
| 18 | കമലായലം- നെടുമ്പുറത്ത് കോൺക്രീറ്റിംഗ് W-5 (RC/309706) | അമ്പിളി ദാസ് | 397344 | 3973 | 7947 |
| 19 | വാലുത്തറ- കളക്കടറോഡ് കോൺക്രീറ്റിംഗ് Reach-IV (RC/309757) | സുനിൽ ചന്ദ്രൻ സി | 159732 | 1597 | 0 |
| 20 | കളിറ്റമുറി കണ്ണമ്പള്ളിൽ റോഡ് കോൺക്രീറ്റിംഗ് റീച് 3 (RC/309764) | സുനിൽ ചന്ദ്രൻ സി | 161596 | 1616 | 0 |
| 21 | തുണ്ടത്തിൽ ജം – പാറക്കൽ ജം റോഡ് കോൺക്രീറ്റിംഗ് Reach 1 Ward 17 (RC/309787) | സുനിൽ ചന്ദ്രൻ സി | 421978 | 4220 | 8439 |
| 22 | താഴത്ത് വീട് – കൊക്കരവിള- പാലയ്ക്കൽ വയൽ റോഡ് കോൺക്രീറ്റിംഗ് W-6 (RC/309822) | സുനിൽ ചന്ദ്രൻ സി | 409738 | 4097 | 8195 |
| 23 | വാലുത്തറ- കളക്കടറോഡ് കോൺക്രീറ്റിംഗ് Reach 5 (RC/309842) | സുനിൽ ചന്ദ്രൻ സി | 296998 | 2970 | 5939 |
| 24 | വട്ടപ്പണ ജം. വട്ടപ്പണ കോളനി റോഡ് കോൺക്രീറ്റിംഗ് (RC/309847) | മുഹമ്മദ് സാജിദ് | 261757 | 2618 | 5235 |
| 25 | പള്ളിമഠത്തിൽ ഓണംമ്പിള്ളേത്ത് റോഡ് കോൺക്രീറ്റിംഗ് (RC/309849) | മുഹമ്മദ് സാജിദ് | 214165 | 2142 | 0 |
| 26 | ചമയം ജം- വഞ്ചിത്തറഭാഗം വരെ റോഡ് കോൺക്രീറ്റിംഗ് W-13 Reach 1 (RC/309910) | പ്രകാശൻ സി | 397344 | 3973 | 7947 |
| 27 | പുല്ലേലിൽ മീനത്തേതിൽ വേലന്റെതെക്ക് റോഡ് കോൺക്രീറ്റിംഗ് W-13 Reach-2 | സുനിൽ ചന്ദ്രൻ സി | 313334 | 3133 | 6267 |

| | | | | | |
|---|---|---|---|---|---|
| | (RC/310837) | | | | |
| 28 | ചിട്ടുതറമുക്ക് - പാലപ്പള്ളി റോഡ് കോൺക്രീറ്റിംഗ് W-13 W-15 (RC/320672) | സുനിൽ ചന്ദ്രൻ സി | 414323 | 4143 | 8286 |
| 28 | മുണ്ടുതറയിൽ - കണ്ടിയൂർ റോഡ് കോൺക്രീറ്റിംഗ് W-13 (RC/321867) | സുനിൽ ചന്ദ്രൻ സി | 77099 | 771 | 0 |
| 29 | മുണ്ടുതറയിൽ - മന്നൂട്ടിൽ റോഡ് കോൺക്രീറ്റിംഗ് W-13 (RC/321868) | സുനിൽ ചന്ദ്രൻ സി | 411822 | 4118 | 8236 |
| 30 | എലവനക്ഷേത്രഭാഗം - ഐശ്വര്യഭവനം റോഡ് കോൺക്രീറ്റിംഗ് (RC/321948) | സുനിൽ ചന്ദ്രൻ സി | 209797 | 2098 | 4195 |
| 31 | വലയത്ത് മുക്ക് കലക്കത്ത് റോഡ് കോൺക്രീറ്റിംഗ് W-15 (RC/321966) | സുനിൽ ചന്ദ്രൻ സി | 357424 | 3574 | 7148 |
| 32 | മീനത്തേതിൽ - മഠത്തിൽ കിഴക്ക് റോഡ് കോൺക്രീറ്റിംഗ് W-13 (RC/324706) | സുനിൽ ചന്ദ്രൻ സി | 136574 | 1366 | 0 |
| | | | | 98005 | 172343 |

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുള്ള ടി പ്രവർത്തികളുടെ തുക ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനിൽ നിന്നും നാളിതുവരെ പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തതിനാൽ കരാറുകാർക്ക് മെറ്റീരിയൽ വില മുഴുവനായും നൽകിയിട്ടില്ല. കരാറുകാർക്ക് മുഴുവൻ തുക നൽകുമ്പോൾ നിയമാനുസൃതമുള്ള ജി.എസ്.ടിയും ആദായ നികുതിയും ഉറവിടത്തിൽ കുറവ് ചെയ്ത് ആദായ നികുതി, ജിഎസ്സ്ടി വകുപ്പുകളിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി കണക്കാക്കി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 അനധികൃത നിർമ്മാണം-നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല - തനത് വരുമാന നഷ്ടം - 1,23,975/-രൂപ

പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള നിർമ്മാണമോ പുനർ നിർമ്മാണമോ കേരള പഞ്ചായത്ത് രാജ് നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് നിർമ്മിതികളെ ക്രമവൽക്കരിക്കാവുന്നതാണ്.മേൽ വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത അനധികൃത കെട്ടിടങ്ങളെ വകുപ്പ് 235 AA അനുസരിച്ച് നികുതി ചുമത്തുന്നതിന് പഞ്ചായത്തുകൾക്ക് അധികാരമുണ്ട്.

പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ ഷാലിമാർ ഓഡിറ്റോറിയം എന്ന പേരിൽ അസസ്സ് ചെയ്തിരുന്ന (കെട്ടിട നമ്പർ:1/427) കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ശ്രീ. അബ്ദുൾ റഷീദ്, വിളയിൽ എന്ന പേരിലേക്ക് മാറ്റിയതിന് ശേഷം "ഹിബാസ് കൺവെൻഷൻ സെന്റർ" എന്ന പേരിൽ ഒരു പുതിയ ആഡിറ്റോറിയം പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ പുനർനിർമ്മിക്കുകയാണ് ചെയ്തതെന്ന് പ്രസ്തുത കെട്ടിടത്തിന്റെ വിവര ശേഖരണം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷത്തിന് ( നമ്പർ - 06 /27.02.2023 ) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1 (III) ൽ പഞ്ചായത്തിന്റെ അനുമതി കൂടാതെ നടത്തുന്ന ടി കെട്ടിടത്തിന്റെ പുനർനിർമ്മാണം 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും ആയതിനാൽ തുടർ നടപടി സ്വീകരികണമെന്നും പരാമർശം ഉണ്ട്. പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയും,കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായും പുനർനിർമ്മാണം നടത്തിയ ടി കെട്ടിടത്തിന് ഏകദേശം 950 ച:മീ തറവിസ്തീർണ്ണം ഉണ്ടെന്നും, കേന്ദ്രീകൃത ശീതീകരണ സംവിധാനത്തോടു കൂടിയതുമായ ടി കെട്ടിടം കൂടിയതരം തറ നിർമ്മിതിയോടു കൂടിയതാണെന്നും പഞ്ചായത്തിൽ ലഭിച്ച ചില പരാതികളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് എഞ്ചിനീയറിംഗ്

വിഭാഗം സ്ഥല പരിശോധന നടത്തി 24.01.2017 തീയതിയിൽ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടി കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ഉടമസ്ഥന് പലപ്പോഴായി പഞ്ചായത്ത് നോട്ടീസ് നൽകിയെങ്കിലും കെട്ടിടം ക്രമവൽക്കുന്നതിനായി നാളിതുവരെ ഉടമസ്ഥൻ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നൽകുവാൻ ഉടമസ്ഥൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

അനധികൃത നിർമ്മാണത്തിന് ആ നിലയിൽ യു.എ നമ്പർ നൽകി നികുതി ഈടാക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. ആയതിന് ഓഡിറ്റ് അന്വേഷണം (നമ്പർ – 06 /27.02.2023) നൽകിയതിന് ടി കെട്ടിട നിർമ്മാണം അസ്സസ്സ് ചെയ്തിട്ടില്ലാത്തതാണ് എന്നും അനധികൃത നിർമ്മാണ വിഭാഗത്തിൽ(യു.എ) ഉൾപ്പെടുത്തി ആയതിനുള്ള നടപടി സ്വീകരിച്ചറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

മേൽപ്പറഞ്ഞ കെട്ടിടത്തിന് ബാധകമായ വസ്തുനികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

അനധികൃത കെട്ടിടത്തിന്റെ വിസ്തീർണ്ണം - 950 ച.മീ

വസ്തുനികുതി നിരക്ക് - 30രൂപ / ച.മി

ബാധകമായ വസ്തുനികുതി - (30x950 + 20%അധികം, റോഡിന്റെ അടിസ്ഥാനത്തിൽ + 15% അധികം, മേൽ തരം തറ നിർമ്മിതി +10% അധികം, സെൻട്രലൈസ്ഡ് എയർകണ്ടീഷൻ ) - 41,325/-രൂപ

അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തുനികുതി – (41325×3) = 1,23,975/-രൂപ

പഞ്ചായത്ത് ഫണ്ടിന് ആകെ നഷ്ടം - 1,23,975/- രൂപ

ലൈബ്രറി സെസ് ഇനത്തിലെ നഷ്ടം (5%) - 6,199/- രൂപ

ആകെ നഷ്ടം-123975+6199= 1,30,174/-രൂപ

ടി കെട്ടിടത്തിന് യു.എ നമ്പർ നല്കി അസസ്സ് ചെയ്ത് നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:06 /തീയതി:27-02-2023 ) മറുപടി ലഭ്യമാകിയിട്ടുണ്ട്. അനധികൃതമായി നിർമ്മാണം നടത്തപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. 2021-22 കാലയളവിൽ മാത്രം വസ്തുനികുതി ഈടാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് 1,23,975/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി.കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ വർഷം മുതൽ വസ്തുനികുതി പുനർനിർണ്ണയിക്കുകയും ആ കാലം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.പ്രസ്തുത കെട്ടിടം ക്രമീകരിക്കുന്നത് അഥവ അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നത് വരെ പ്രസ്തുത നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ഭരണവകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം - 14,214/- രൂപ

വാണിജ്യാവശ്യത്തിനു വേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന നിരക്കിൽ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ചും വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല പഞ്ചായത്തിൽ നികുതി നിശ്ചയിച്ചുവരുന്നത്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.

ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 1 ൽ രവികുമാർ, കല്യാണിശേരിൽ, ഇലിപ്പക്കുളം പി.ഓ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 659.24 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 1/250A മുതൽ 1/250R വരെ) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 70/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 250-A മുതൽ R വരെയുള്ള 18 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി(കടമുറികളായി) കണക്കാക്കി 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ' ച:മീറ്ററിന് 50/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനാൽ പഞ്ചായത്ത് വസ്തുനികുതി ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായി.

| കണക്കാക്കേണ്ട നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:70രൂ /ച.മീ.) | കണക്കാകിയ നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:50രൂ /ച.മീ.) |
|---|---|
| | 250/A: 4686+235 = 4921 |

| | | |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി 196.74x70 = 13771.8<br>വർദ്ധനവ് (വഴി സൗകര്യം 20%)= 2754.36<br>ആകെ = 16,526/- | 250/B: 4686+235 = 4921<br>250/C: 2433+122= 2555<br>ആകെ = 12,397/- |
| ഒന്നാം നില | അടിസ്ഥാന നികുതി 231.25x70 = 16187.5<br>വർദ്ധനവ് (വഴി സൗകര്യം 20%)= 3237.5<br>ബഹുനില വാണിജ്യാവശ്യ ഇളവ്(5%) = 971.25<br>ആകെ = 18454/- | 250/D: 861+44= 905<br>250/E: 3723+187= 3910<br>250/F: 1735+87 = 1822<br>250/G: 1215+61 =1276<br>250/H: 1220+61 = 1281<br>250/I: 1215+61 = 1276<br>250/J: 1229+62 = 1291<br>ആകെ = 11,761/- |
| രണ്ടാം നില | അടിസ്ഥാന നികുതി 231.25x70 = 16187.5<br>വർദ്ധനവ് (വഴി സൗകര്യം 20%)= 3237.5<br>ബഹുനില വാണിജ്യാവശ്യ ഇളവ്(10%)= 1942.5<br>ആകെ = 16512/- | 250/K: 1718+86 = 1804<br>250/L:3413+171 = 3584<br>250/M:1431+72 = 1503<br>250/N:1321+67 = 1388<br>250/O:1151+58 = 1209<br>250/P:1194+60 = 1254<br>250/Q:1161+59 = 1220<br>250/R:1102+56 = 1158<br>ആകെ = 13,120/- |
| ആകെ | 51,492/- | 37,278/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 14,214/- |

മേൽ സൂചിപ്പിച്ച 18 കെട്ടിടങ്ങളും ഒരേ പെർമ്മിറ്റ്(A3-1025/2018 തീ.27/04/2018 )പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് 14,214/-രൂപ വസ്തുനികുതി കുറയുന്നതിനിടയായി. ഒന്നാം വാർഡിലെ 250-A മുതൽ 250-R വരെയുള്ള 18 കെട്ടിടങ്ങളുടെ നികുതി ച:മീറ്ററിന് 70/- രൂപ നിരക്കിൽ പുനർനിർണ്ണയിച്ച് നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് വസ്തുനികുതി ഇത്തരത്തിൽ തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് ഉണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:04/ 27-02-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.കെട്ടിടങ്ങളുടെ വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് – 62,500 /- രൂപയുടെ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കേണ്ട സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1 | വള്ളികുന്നം ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2 | മീനത്ത് ക്ഷീരോത്പാദക സഹ:സംഘം | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 3 | കാരാഴ്മ ക്ഷീരോത്പാദക സഹ:സംഘം | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 4 | തെക്കേമുറി ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 5 | വള്ളികുന്നം പഞ്ചായത്ത് വെൽഫെയർ സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 6 | വള്ളികുന്നം കടുവിനാൽ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 7 | മാവേലിക്കര താലൂക്ക് കോപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധവർഷം | 1250X1=1250 |

| | | | |
|---|---|---|---|
| 8 | മുത്തൂറ്റ് ഫിൻകോർപ്പ്, വള്ളികുന്നം | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ്, കാഞ്ഞിരത്തുംമൂട് | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 10 | കണ്ണാട്ട് അരുൺ ഫിനാൻസ് | ഒന്നാം അർദ്ധവർഷം | 1250X1=1250 |
| 11 | ന്യൂ ഇന്ത്യ ഇൻഷുറൻസ് , പോർട്ടൽ ഓഫീസ്,മണക്കാട് ജം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 12 | ഫ്രണ്ട്സ് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 13 | എൽ & റ്റി ഫിനാൻഷ്യൽ സർവീസസ്, ചൂനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 14 | കണ്ണാട്ട് ഫിനാൻസ്, ചൂനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 15 | ASB ഫിനാൻസ്, ചൂനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 16 | ASB ഫിനാൻസ്, കാഞ്ഞിരത്തുംമൂട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 17 | ASB നിധി ലിമിറ്റഡ്, ചൂനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 18 | ഗുരുദീപം ഫിനാൻസിയേഴ്സ്, എടശ്ശേരി ജം. | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 19 | ചിരതലയ്ക്കൽ ഫിനാൻസിയേഴ്സ്, പുത്തൻചന്ത | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 20 | വരിക്കോലിമാവുള്ളതിൽ ഫിനാൻസ് , പുത്തൻചന്ത | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 21 | ശ്രീലക്ഷ്മി ഫിനാൻസിയേഴ്സ് , പള്ളിമുക്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 22 | ആതിര ഫിനാൻസ്, കാഞ്ഞിരത്തുംമൂട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 23 | ദൈവീകം ഫിനാൻസ്, പള്ളിക്കത്തറ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 24 | ചേരിതെക്കേതിൽ നിധി ലിമിറ്റഡ്, കാമ്പിശ്ശേരി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 25 | ന്യൂ ഇന്ത്യ ഇൻഷുറൻസ് , പോർട്ടൽ ഓഫീസ്, കാമ്പിശ്ശേരി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 26 | അർച്ചന ഫിനാൻസ്,കാമ്പിശ്ശേരി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 27 | കാർത്തിക ഫിനാൻസ്, കാരാഴ്മ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 28 | ജി.എസ്.ഫിനാൻസ്, കാരാഴ്മ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| | ആകെ | | 62,500/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയതായും, സ്ഥാപന തൊഴിൽ നികുതി മേൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:2,തീയതി:27/02/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല- നഷ്ടം 30,666/- രൂപ

വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. MGNREGS പദ്ധതികൾക്കായും പഞ്ചായത്തിന്റെ വാർഷികപദ്ധതികൾക്കുമായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല. വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പഞ്ചായത്ത് നൽകിയ പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തീയ്യതി | പത്രം / ഇൻവോയിസ് നം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | നിരക്ക് | ആകെ നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയത് | ചെക്ക് നമ്പർ, |
|---|---|---|---|---|---|---|---|
| 22100371 / 13-07-21 | 321000094875 / 21.02.21 മാതൃഭൂമി | 40sq Cm | 260 | 8840 (Sgst-221 Cgst-221) = 9282 | 3x8=24cm$^2$@260 =6240 15% ഡിസ്കൗണ്ട്= 936 6240-936=5304 +5%ടാക്സ് 5304+265= 5569 | 9282-5569 = 3713 | ഡിസിബി 50060 9/7/21 |
| 22100372 / 13-07-21 | 321000085948/ 31.01.2021 മാതൃഭൂമി | 40sq Cm | 260 | 8840 (Sgst-221 Cgst-221) = 9282 | 3x8=24cm$^2$@260 =6240 15% ഡിസ്കൗണ്ട്= 936 6240-936=5304 +5%ടാക്സ് 5304+265= 5569 | 9282-5569 = 3713 | ഡിസിബി 50060 9/7/21 |
| 22100373 / 13-07-21 | 321000095959/ 25.02.2021 മാതൃഭൂമി | 40sq Cm | 260 | 8840 (Sgst-221 Cgst-221) = 9282 | 3x8=24cm$^2$@260 =6240 15% ഡിസ്കൗണ്ട്= 936 6240-936=5304 +5%ടാക്സ് 5304+265= 5569 | 9282-5569 = 3713 | ഡിസിബി 50060 9/7/21 |
| 22100374 / 13-07-21 | 321000084217/ 29.01.2021 മാതൃഭൂമി | 32sq Cm | 260 | 7072 (Sgst-176 Cgst-176) = 7426 | 3x8=24cm$^2$@260 =6240 15% ഡിസ്കൗണ്ട്= 936 6240-936=5304 +5%ടാക്സ് 5304+265= 5569 | 7426-5569 = 1857 | ഡിസിബി 50060 9/7/21 |

| | | | | | | | |
|---|---|---|---|---|---|---|---|
| 22100991 / 21-12-21 | 321000023846/ 09.07.2021 മാതൃഭൂമി | 40sq Cm | 275 | 9350 (Sgst-233.75 Cgst-233.75) = 9818 | 3x8=24cm²@275 =6600 15% ഡിസ്കൗണ്ട്= 990 6600-990=5610 +5%ടാക്സ് 5610+281= 5891 | 9818-5891 = 3927 | ഡിസിബി 053787 20/12/21 |
| 22100992 / 21-12-21 | 321000064825 / 02.11.2021 മാതൃഭൂമി | 48sq Cm | 275 | 11220 (Sgst-280.50 Cgst-280.50) = 11,781 | 3x8=24cm²@275 =6600 15% ഡിസ്കൗണ്ട്= 990 6600-990=5610 +5%ടാക്സ് 5610+281= 5891 | 11781-5891 = 5890 | ഡിസിബി 053787 20/12/21 |
| 22100993 / 21-12-21 | 321000047181/ 16.09.2021 മാതൃഭൂമി | 32sq Cm | 275 | 7480 (Sgst-187 Cgst-187) = 7854 | 3x8=24cm²@275 =6600 15% ഡിസ്കൗണ്ട്= 990 6600-990=5610 +5%ടാക്സ് 5610+281= 5891 | 7854-5891 = 1963 | ഡിസിബി 053787 20/12/21 |
| 22100994 / 21-12-21 | 321000059497/ 19.10.2021 മാതൃഭൂമി | 32sq Cm | 275 | 7480 (Sgst-187 Cgst-187) = 7854 | 3x8=24cm²@275 =6600 15% ഡിസ്കൗണ്ട്= 990 6600-990=5610 +5%ടാക്സ് 5610+281= 5891 | 7854-5891 = 1963 | ഡിസിബി 053787 20/12/21 |
| 22100995 / 21-12-21 | 321000031745/ 03.08.2021 മാതൃഭൂമി | 40sq Cm | 275 | 9350 (Sgst-233.75 Cgst-233.75) = 9818 | 3x8=24cm²@275 =6600 15% ഡിസ്കൗണ്ട്= 990 6600-990=5610 +5%ടാക്സ് 5610+281= 5891 | 9818-5891 = 3927 | ഡിസിബി 053787 20/12/21 |
| അധികം നല്കിയ തുക | | | | | | 30,666/- | |

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്

-ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ.ആന്റ്.പി.ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. MGNREGS പദ്ധതികൾക്കായും പഞ്ചായത്തിന്റെ വാർഷികപദ്ധതികൾക്കുമായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് നടത്തിയ പത്രപരസ്യങ്ങൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം 30,666/- രൂപയുടെ ചെലവുനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 27.03.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-05) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ30,666/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 ഘടകസ്ഥാപനങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ - അധിക തുക അനുവദിച്ചു.

പ്രോജക്റ്റിന്റെ പേര് : ഘടകസ്ഥാപനങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ

പ്രോജക്റ്റ് നം. : 32/2022

അടങ്കൽ : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 134000/-രൂപ

തനത് ഫണ്ട്- 15000/-രൂപ

ആകെ- 149000/-രൂപ

ചെലവ് : 149000/-രൂപ

(1.ബിൽ നം.28 തീ.10.02.2022-134000/-രൂപ

2.ചെക്ക് നം.390665 തീയതി.07.02.2022-15000/-രൂപ )

നിർവഹണം: സെക്രട്ടറി

ഈ പദ്ധതി പ്രകാരം രണ്ട് മേശയും, ആറ് അലമാരയും ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ചെങ്ങന്നൂർ ശാഖയിൽ നിന്നും വാങ്ങിയതിന്റെ വിലയായി 149000/-രൂപ മേൽ പ്രകാരം ആർട്ട്കോയുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ആർട്ട്കോയിൽ നിന്നും ലഭ്യമാക്കിയ കാഷ് ബിൽ (നം.372തീ.10.01.2022) പ്രകാരം ഈയിനങ്ങളുടെ നികുതിയുൾപ്പെടെയുള്ള ആകെ വിലയായി 145482/-രൂപ മാത്രമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. അധികമായി 3518/-രൂപ ആർട്ട്കോയ്ക്ക് നല്കാനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ.28.02.2023) മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ തുക ആർട്ട്കോയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ആർട്ട്കോയിൽ നിന്നും ലഭ്യമാവാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 മതിയായ അളവിൽ ബാരൽ വില കുറവ് ചെയ്തില്ല- നഷ്ടം 13373/-രൂപ

2021-22 സാമ്പത്തിക വർഷം വള്ളികുന്നം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലകളിൽ നിന്നും മതിയായ അളവിൽ ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. ആയതിന്റെ 18% ജി.എസ്.റ്റി ഉൾപ്പെടെ ആകെ 281/-രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 238/-രൂപ ക്രമത്തിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം,/ പേര് | ബാരൽ വിലയിനത്തിൽ ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|
| 1 | 7/ചൂനാട് മാർക്കറ്റിന് പടിഞ്ഞാറ് മാണത്തറ വടക്ക് പഞ്ചായത്ത് അതിർത്തി വരെയും വാലിൽ പടിഞ്ഞാറ് മുതൽ പഞ്ചായത്ത് അതിർത്തി വരെയുമുള്ള റോഡ് റീ ടാറിംഗ് വാർഡ്-1 | 13x238=3094 | 13x281=3653 | 559 |
| 2 | 8/ഗുരുമന്ദിരം - എസ്.എൻ.ഡി.പി ഹൈസ്കൂൾ ജം. റോഡ് റീ ടാറിംഗ് വാർഡ്-2 | 5x238=1190 | 5x281=1405 | 215 |
| | 9/വേട്ടനാടി കോളനി റോഡ് റീ ടാറിംഗ് വാർഡ്-5 | 33x238=7854 | 33x281=9273 | 1419 |
| 3 | 10/മലമേൽ ചന്ത പോക്കാട്ടുകളം റോഡ് മെയിന്റനൻസ് വാർഡ്7 | 24x238=5712 | 24x281=6744 | 1032 |

| | | | | |
|---|---|---|---|---|
| 4 | 11/ കാർത്ത്യായനിപുരം മുല്ലശ്ശേരിൽ മുക്ക് റോഡ് റീ ടാറിംഗ് വാർഡ്-8 | 15x238=3570 | 15x281=4215 | 645 |
| 5 | 12/ ഗുരുമന്ദിരം തെക്ക് കുറ്റിയിൽ മുക്ക് റോഡ് റീ ടാറിംഗ് വാർഡ്-9 | 13x238=3094 | 13x281=3653 | 559 |
| 6 | 13/ ഇലഞ്ഞിക്കൽ ജം. കഴിവിളക്കാവ് റോഡ് റീ ടാറിംഗ് വാർഡ്-10 | 18x238=4284 | 18x281=5058 | 774 |
| 7 | 15/നാലുവിള മരങ്ങാട്ട് റോഡ് റീ ടാറിംഗ് വാർഡ്12 വാർഡ്-13 | 21x238=4998 | 21x281=5901 | 903 |
| 8 | 17/കന്നിമേൽ ഹെൽത്ത് സെന്റർ മനുഭവൻ ജംഗ്ഷൻ റോഡ് റീടാറിംഗ് | 21x238=4998 | 21x281=5901 | 903 |
| 9 | 18/ കോട്ടയ്ക്കാട്ട് മുക്ക് പണിക്കശേരിൽ മുക്ക് റോഡ് റീ ടാറിംഗ് വാർഡ്-17 | 22x238=5236 | 22x281=6182 | 946 |
| 10 | 20/ കടേക്കരി മാർക്കറ്റ് പൂവകുളഞ്ഞി റോഡ് മെയിന്റനൻസ് വാർഡ്-16 | 16x238=3808 | 16x281=4496 | 688 |
| 11 | 33/ ബദാംമുക്ക് കണിയാംമുക്ക് റോഡ് റീ ടാറിംഗ് വാർഡ്-15 വാർഡ്-16 | 14x238=3332 | 14x281=3934 | 602 |
| 12 | 39/പാൽ സൊസൈറ്റി ശബരിക്കൽ ജം റോഡ് റീ ടാറിംഗ് വാർഡ്-13 | 12x238=2856 | 12x281=3372 | 516 |
| 13 | 41/തണ്ടത്ത്മുക്ക് വിജയിൽ വടക്കതിൽ റോഡ് മെയിന്റനൻസ് | 6x238=1428 | 6x281=1686 | 258 |
| 14 | 47/ താഴത്തുവീട്ടിൽ ചുങ്കത്തടം റോഡ് മെയിന്റനൻസ് വാർഡ്-6 | 19x238=4522 | 19x281=5339 | 817 |
| 15 | 118/പുത്തുരേത്ത് മുക്ക് മുനാണ്ടേമുക്ക് റോഡ് മെയിന്റനൻസ് വാർഡ്-14 | 21x238=4998 | 21x281=5901 | 903 |
| 16 | 119/കൊച്ചയ്യത്ത് കല്ലകണ്ടം റോഡ് മെയിന്റനൻസ് വാർഡ്-14 | 7x238=1666 | 7x281=1967 | 301 |
| 17 | 120/തെക്കേതലയ്ക്കൽ കക്കറുമ്പ് റോഡ് മെയിന്റനൻസ് വാർഡ്-2 | 23x238=5474 | 23x281=6463 | 989 |
| 18 | 143/ ആതിരാ ജംഗ്ഷൻ വാളാച്ചൽ റോഡ് മെയിന്റനൻസ് വാർഡ്-15 | 5x238=1190 | 5x281=1405 | 215 |
| 19 | 144/ ബദാംമുക്ക് നടിലേത്ത് മുക്ക് റോഡ് മെയിന്റനൻസ് വാർഡ് -14 | 3x238=714 | 3x281=843 | 129 |
| | ആകെ | | | 13373 |

കറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24 തീ.28.02.2023) മറുപടി ലഭ്യമാക്കിയില്ല. കറവ് വന്ന തുക കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പച്ചക്കറി കൃഷി വികസനം (പ്രോ.നം 59/22) – ജില്ലാതല യൂണിറ്റ് കോസ്റ്റിനേക്കാൽ കൂടിയ നിരക്കിൽ വാങ്ങൽ നടത്തി.

കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്റ്റിന്റെ ഭാഗമായി കൃഷി ഭവന്റെ മേൽനോട്ടത്തിലുള്ള കർണ്ണികാരം ഓർഗാനിക് ഇക്കോ ഷോപ്പിൽ നിന്നും വിവിധ ഇൻവോയ്സുകൾ പ്രകാരം 34740kg ഡോളോമൈറ്റും 3474kg സ്യൂഡോമോണാസും 3474kg ബിവേറിയയും വാങ്ങിയിട്ടുണ്ട്. ഡോളോമൈറ്റ് കിലോഗ്രാമിന് 10 രൂപ നിരക്കിലും സ്യൂഡോമോണാസ്, ബിവേറിയ എന്നിവയുടെ അര കിലോഗ്രാം പായ്ക്കറ്റിന് 50 രൂപ നിരക്കിലുമാണ് വാങ്ങിയിട്ടുള്ളത്. പ്രിൻസിപ്പൽ കൃഷി ഓഫീസർ ആലപ്പുഴയുടെ 11.01.2022ലെ റ്റി.സി(3)/4878/2017 ഉത്തരവ് അനുസരിച്ച് 2021-22

വർഷത്തേയ്ക്ക് അംഗീകരിച്ചിട്ടുള്ള കാർഷിക ആസ്തികളുടെ ജില്ലാതല യൂണീറ്റ് കോസ്റ്റ് പ്രകാരം ഒരു കിലോഗ്രാം ഡോളോമൈറ്റിന് 8.5 രൂപയാണ് പരമാവധി ഈടാക്കാവുന്നത്. അര കിലോഗ്രാം തൂക്കമുള്ള സ്യൂഡോമോണാസ്, ബിവേറിയ എന്നിവയുടെ പായ്ക്കറ്റിന് യഥാക്രമം 43 രൂപയും, 38 രൂപയുമാണ് അംഗീകൃത വില്പന വില നിരക്ക്. സർക്കാർ അംഗീകൃത നിരക്കിൽ നിന്നും വ്യതിചലിച്ച് വാങ്ങൽ നടത്തിയതുമൂലം താഴെപറയും പ്രകാരം 118116 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നം | വളം/ കീടനാശിനി | അംഗീകൃത നിരക്ക് | വാങ്ങിയ നിരക്ക് | വാങ്ങിയ അളവ് | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 01 | ഡോളോമൈറ്റ് | 8.5/kg | 10/kg | 34740 | 52110 |
| 02 | സ്യൂഡോമോണാസ് | 43/0.5kg Packets | 50/0.5kg Packets | 3474 Packets | 24318 |
| 03 | ബിവേറിയ | 38/0.5kg Packets | 50/0.5kg Packets | 3474 Packets | 41688 |
| | ആകെ | | | | 118116 |

എന്നാൽ ജില്ലാതല യൂണീറ്റ് കോസ്റ്റിലെ നിരക്കിനേക്കാൾ കൂടിയ വിലയ്ക്ക് മേൽ പറയുന്ന ജീവാണു കീടനാശിനികളും വളവും വാങ്ങിയതുമൂലം പദ്ധതി വിഹിതത്തിൽ നിന്നും അധികമായി തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ ഡിപ്പോകളിലെ നിരക്ക് 10 രൂപയായിരുന്നതിനാലും ചെറിയ പായ്ക്കറ്റുകളിൽ വിതരണം ചെയ്യേണ്ടിവന്നതിനാലുമാണ് കിലോഗ്രാമിന് 10 രൂപ പ്രകാരം ഡോളമൈറ്റ് വാങ്ങേണ്ടി വന്നതെന്നും സ്യൂഡോമോണാസ്, ബിവേറിയ എന്നിവ 5000ppm ഗ്രേഡിലുള്ളതായതിനാലും 100gm വീതമുള്ള പായ്ക്കറ്റുകളിൽ വിതരണം നടത്തേണ്ടിവന്നതിനാലുമാണ് ജില്ലാതല യൂണീറ്റ് കോസ്റ്റിനേക്കാൾ കൂടിയ വിലയ്ക്ക് വാങ്ങേണ്ടി വന്നതെന്നാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/28.2.2023) മറുപടി നൽകിയത്. ഗുണനിലവാരമുള്ള നല്ലയിനം വളങ്ങൾക്കും കീടനാശിനികൾക്കും ബാധകമായ നിരക്കാണ് ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ ബൾക്ക് പർച്ചേസ് നടത്തുമ്പോൾ അത് കൃത്യമായി പായ്ക്ക് ചെയ്ത് ഗുണഭോക്താക്കൾക്ക് എത്തിക്കേണ്ടത് വിതരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വവുമാണ്. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫാമുകളിലും സ്റ്റേഷനുകളിലും മറ്റ് കൃഷിത്തോട്ടങ്ങളിലും ജില്ലാതല യൂണീറ്റ് കോസ്റ്റിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഇവ വില്പന നടത്തുന്നത്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി വസ്തുതയ്ക്ക് നിരക്കുന്നതല്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകളും സർക്കാർ ഉത്തരവുകളും കൃത്യമായി പാലിക്കാതെ പദ്ധതികൾ നടപ്പാക്കി സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല.

അധികം ചെലവഴിച്ച 118116 രൂപ കർണ്ണികാരം ഓർഗാനിക് ഇക്കോ ഷോപ്പിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ചെലവ് വിവരം.

ബിൽ നം. 136/7.12.21 – 141922/-
ബിൽ നം. 175/11.1.22 – 635922/-
ബിൽ നം. 212/21.2.22 – 221156/-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 400000 | സമഗ്രനെൽകൃഷി വികസനം | 400000 | |
| | 2021-22 | 199996 | പാലിയേറ്റീവ് കെയർ | 199996 | |
| | 2021-22 | 1620000 | ലൈഫ് ഭവന പദ്ധതി 2021-22 | 1620000 | |
| | 2021-22 | 166000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി)2021-22 | 166000 | |
| | 2021-22 | 393761 | അംഗൻവാടി പോഷകാഹാരം-എസ്.സി | 393761 | |
| | 2021-22 | 500000 | ഭിന്നശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പ് ബത്ത | 500000 | |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 600000 | പാലിന് സബ്സിഡി (ജനറൽ) അധിക വിഹിതം വകയിരുത്തൽ | 600000 | |
| | 2021-22 | 1570848 | പാലിന് സബ്സിഡി (വനിത) | 1570848 | |
| | ആകെ | 5450605 | | 5450605 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 288730 | സമഗ്രനെൽകൃഷി വികസനം | 288730 | |
| | 2021-22 | 100000 | ലൈഫ് ഭവന പദ്ധതി | 100000 | |
| | 2021-22 | 280000 | ലൈഫ് ഭവന പദ്ധതി 2021-22 | 280000 | |
| | 2021-22 | 1160000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി)2021-22 | 1160000 | |
| | 2021-22 | 90800 | ഭിന്നശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പ് ബത്ത | 90800 | |
| | 2020-21 | 100000 | സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം | 100000 | |
| | 2021-22 | 166115 | നാലുവിള മരങ്ങാട്ട് റോഡ് റീ ടാറിംഗ് വാർഡ്-12, വാർഡ്-13 | 166115 | |
| | 2021-22 | 200000 | പാലിന് സബ്സിഡി (ജനറൽ) അധിക വിഹിതം വകയിരുത്തല് | 200000 | |
| | ആകെ | 2385645 | | 2385645 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രോജക്ട് നം./ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 93/സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | R022201112717/8.02.2022 | 425000 | 0 | 425000 |
| | 149/സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ സി.എഫ്.സി ബേസിക് ഗ്രാന്റ് അധിക വിഹിതം | ബിൽ നം.23/10.02.2022 | 454312 | 0 | 454312 |
| | 137/ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി) | ബിൽ നം.23/10.02.2022<br>ബിൽ നം.36/17.03.2022 | 359789 | 0 | 359789 |
| | 139/ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ സ്പിൽ ഓവർ അധിക വിഹിതം | ബിൽ നം.29/10.02.2022 | 1039852 | 0 | 1039852 |
| | ആകെ | | 2278953 | | 2278953 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തിയ്യതി | | ബാക്കിയുണ്ടായിരുന്ന തുക | | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ലഭ്യമാക്കിയില്ല | തൻവർഷം വരവില്ല | 17080841 | 2390666 | | 14690175 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 147562/-രൂപയുടെ വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | | 49000 | തഹസിൽദാർ റെവന്യൂ റിക്കവറി, കൊല്ലം (പാപ്പച്ചൻ ഷാജി വില്ല) | 121030400002 തീയതി.15/06/2021 |
| 2007-08 | | 49000 | തഹസിൽദാർ റെവന്യൂ റിക്കവറി, കൊല്ലം (പാപ്പച്ചൻ ഷാജി വില്ല) | 121030400003 തീയതി.15/06/2021 |
| 2007-08 | | 49562 | തഹസിൽദാർ റെവന്യൂ റിക്കവറി, കൊല്ലം (പാപ്പച്ചൻ ഷാജി വില്ല) | 121030400004 തീയതി.15/06/2021 |
| | ആകെ | 147562 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15 | 4.1.15 | നിഷ്ക്രിയാസ്തി സംബന്ധിച്ച് | ആസ്തി പ്രവർത്തനക്ഷമം ആക്കിയിട്ടുണ്ട് |
| 2015-16 | 2.2 | തൊഴിൽ നികുതിയിലെ അപാകത | ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മുത്തുറ്റ് ഒഴികെയുള്ള സ്ഥാപനങ്ങൾ തുക അടച്ചു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 107223044 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 109235426 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2,00,689 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 165673 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 5199615 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-1 | 123975 | | ശ്രീ.എസ്സ്.പ്രദീപ് സെക്രട്ടറി |
| 2-2 | 14214 | | ശ്രീ.എസ്സ്.പ്രദീപ് സെക്രട്ടറി |
| 2-3 | 62500 | | ശ്രീ.എസ്സ്.പ്രദീപ് സെക്രട്ടറി |
| 3-1 | | 30666 | ശ്രീ.എസ്സ്.പ്രദീപ് സെക്രട്ടറി |
| 3-2 | | 3518 | ശ്രീ.എസ്സ്.പ്രദീപ് സെക്രട്ടറി |
| 3-3 | | 13373 | സനൂജ എച്ച് അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 118116 | നിഖിൽ.ആർ.പിള്ള , കൃഷി ഓഫീസർ |
| ആകെ | 2,00,689 | 1,65,673 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 127500 | ഡോ.ലക്ഷ്മി വെറ്റിനറി സർജൻ |
| 1-24 | 254765 | റിഷാദ് മേത്തർ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-25 | 250000 | ശൈലേഷ് കുമാർ കെ അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 300000 | ശൈലേഷ് കുമാർ കെ അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 89525 | ശ്രീ.എസ്. പ്രദീപ്, സെക്രട്ടറി |
| 1-28 | 2278953 | ശ്രീ.എസ്. പ്രദീപ്, സെക്രട്ടറി |
| 1-29 | 1450000 | ശ്രീ.എസ്. പ്രദീപ്, സെക്രട്ടറി |
| 1-30 | 80000 | ശ്രീ.എസ്. പ്രദീപ്, സെക്രട്ടറി |
| 1-31 | 368872 | ശ്രീമതി. ശ്രീലേഖ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 5199615 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 6,199 | ശ്രീ.എസ്. പ്രദീപ്, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീലേഖ ഐ.സി.ഡി.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ വള്ളികുന്നം ഗ്രാമപഞ്ചായത്ത് | പറങ്കിമാംവിളയിൽ ആനയടി പി.ഒ. |

| | | |
|---|---|---|
| സൂപ്പർവൈസർ | | ശൂരനാട് വടക്ക് കൊല്ലം |
| എസ്.പ്രദീപ് സെക്രട്ടറി | സെക്രട്ടറി വള്ളികുന്നം ഗ്രാമപഞ്ചായത്ത് | കണിശ്ശേരി തറയിൽ ആലുംകടവ്.പി.ഒ. കരുനാഗപ്പള്ളി |
| സനൂജ എച്ച് അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി. വള്ളികുന്നം ഗ്രാമപഞ്ചായത്ത് | ചീത്തഴ വാളക്കോട്ട്, തെക്കേമുറി വള്ളികുന്നം.പി.ഒ ആലപ്പുഴ |
| ഡോ.ലക്ഷ്മി വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വള്ളികുന്നം ഗ്രാമപഞ്ചായത്ത് | നന്ദനം, കൈതതെക്ക്, ചെട്ടികുളങ്ങര പി.ഓ ആലപ്പുഴ |
| റിഷാദ് മേത്തർ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ കൃഷ്ണപുരം പി.എച്ച.സി. | റിഷാദ് മൻസിൽ, മരുളർകുളങ്ങര സൌത്ത്, ആലുംകടവ് പി.ഓ. |
| നിഖിൽ ആർ.പിള്ള കൃഷി ഓഫീസർ | കൃഷി ഓഫീസർ വള്ളികുന്നം ഗ്രാമപഞ്ചായത്ത് | ശ്രീശൈലം, കണ്ണനാകുഴി പി.ഓ. ചാരുംമൂട് |
| ശൈലേഷ് കുമാർ കെ അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി , മാന്നാർ ഗ്രാമപഞ്ചായത്ത് | വലംതിട്ട, കാരിച്ചാൽ, പള്ളിപ്പാട് പി.ഒ ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-1999 (ചെലവ്) | എൽ.എഫ്. ജി. എ5-1832/11 തീയതി 03.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11 തീയതി 02.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2006-07 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2007-08 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2010-11 | എൽ.എഫ്.എ.പി.6 -1299/12തീയതി 26.12.12/11.01.2013 (ഓഡിറ്റ് അദാലത്ത്) |
| 2011-12,2012-13 | എൽ.എഫ്.എ.പി.6-939/14/19.08.2014 |
| 2013-14 | കെ.എസ്.എ -എപി ഇസഡ്-പി.6-1095/2015 തീ.11.08.2015 |
| 2014-15 | നം.കെ.എസ്.എ-എ.എൽ.പി/പി.6-659/16തീയതി: 04.07.2016 |
| 2015-16 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1535/16തീയതി: 03.01.2017 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1386/17തീയതി: 13.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽപി/പി6/1551/2018 തീയതി.23.11.2018 |
| 2018-19 | കെ.എസ്.എ/എ.എൽപി/പി6/1551/2018 തീയതി.23.11.2018 |
| 2019-20 | കെ.എസ്.എ/എ.എൽപി/പി6/914/2021 തീയതി.24.02.2022 |

| | |
|---|---|
| 2020-21 | കെ.എസ്.എ/എ.എൽപി/പി6/915/2021 തീയതി.24.02.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്